FOR ONE DAY ONLY
Metro-Goldwyn-Mayer
Greatest Motion Picture
'David Copperfield'
Star cast of 65 Players
Including W. C. Fields,
Barrymore
at Central Theatres
on 26th February 1949.

പ്രഭാതപ്പതിപ്പ് വില 2 ചക്രം

No. T 174 Licence No: 365 dated 26-2-1948

ദേശബന്ധു

Editor-in-Chief: K. N. Sankunni Pillai B. A & B. L.

ശിവരാത്രി ദിവസം
14-ാംനു വെള്ളിയാഴ്ച:
കോട്ടയം
സെൻട്രലിൽ
ഹരിശ്ചന്ദ്ര.

ന്യൂ തിയേററിൽ
ശ്രീമുരുകൻ
6നും, 9നും, 12നും, 2നും, 4 കളികൾ ഉണ്ടായിരിക്കുന്നതാണ്

Vol. 1 | കോട്ടയം 1949 ഫെബ്രുവരി 23-ാംനു — 1124 കുംഭം 12-ാംനു ബുധൻ പേജ് 4 | No. 282

നിയമസഭാ സമ്മേളനം

പബ്ലിക്ക് സർവീസ് കമ്മീഷൻ ബിൽ സെലക്ട് കമ്മററിയിലേയ്ക്കു—ജാതിയും വർഗ്ഗവും തിരിച്ചു് ഉദ്യോഗവിതരണം നടത്തുന്ന ഇന്നത്തെ രീതി സർവീസിനെ അധഃപതിപ്പിച്ചിരിക്കുന്നെന്നും കാര്യക്ഷമതയെ ആസ്പദമാക്കി നിയമനം നടത്തണമെന്നും മി. ബാലകൃഷ്ണൻതമ്പി—മി. എ. കെ. പാച്ചുപിള്ള ബില്ലിനെ എതിർക്കുന്നു—അഴിമതി നിരോധന ബില്ലിനെപ്പററിയുള്ള ചർച്ചകൾ

(സ്വന്തം പ്രതിനിധി) തിരുവനന്തപുരം, കുംഭം 11

ചോദ്യോത്തരങ്ങൾക്കു ശേഷം ട്രാവൻകൂർ പബ്ലിക്ക് സർവീസ് ബില്ലിന്റെ പരിഗണന ആരംഭിച്ചു.

മി: ററി. ററി. കേശവൻ ശാസ്ത്രി—പബ്ലിക്ക് സർവീസ് ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ടു പ്രസംഗിച്ചു.

മി: നേശമണി—ബില്ലിലെ ചില വ്യവസ്ഥകൾ, ഇന്നത്തെ പരിതഃസ്ഥിതികൾക്കും, ഇന്ത്യൻയൂണിയനിലെ ഭരണഘടനയിൽ അംഗീകരിച്ചിട്ടുള്ള തത്വങ്ങൾക്കും അനുഗുണമായിരിക്കുന്നില്ലെന്നു് പറയേണ്ടിയിരിക്കുന്നു. നീതിന്യായവകുപ്പ് എക്സിക്യൂട്ടീവിൽനിന്നു് പരിപൂർണ്ണമായും സ്വതന്ത്രമാക്കണമെന്നുള്ളതാണ് ഇന്നത്തെ പരിഷ്കൃതാശയം. ന്യായാധിപന്മാരെ നിയമിക്കുന്നകാര്യത്തിൽ ഇന്നു് നിലവിലിരിക്കുന്നരീതി പാടെ മാറേറണ്ടതാണ്.

മി. ബാലകൃഷ്ണൻതമ്പി—ഈ ബില്ലിൽ പറയുന്ന കാരണങ്ങൾ എക്സിക്യൂട്ടീവിൽ തന്നെ ചെയ്യാവുന്നതെയുള്ളു. ഒരു ബിൽരൂപത്തിൽ നിയമസഭയിൽ കൊണ്ടുവരേണ്ടയാവശ്യമില്ല. പബ്ലിക്ക സർവ്വീസുകമ്മീഷൻ ആവശ്യമായിട്ടുള്ളതാണ്. ഇന്നിവിടെ മാത്രമല്ല ഇൻഡ്യയിലെ എല്ലാ പ്രോവിൻസുകളിലും സർവീസ് വളരെ അധഃപതിച്ചിരിക്കയാണ്. സ്വപക്ഷതാല്പര്യം നിമിത്തം യഥാർത്ഥത്തിൽ യോഗ്യതയില്ലാത്ത നിരവധിയാളുകളെ നിയമിക്കുന്നുണ്ട്, ഒരാൾ എത്രതന്നെ യോഗ്യനായിരുന്നാലും അയാൾ ഏതെങ്കിലും പ്രത്യേകവിഭാഗത്തിൽ പെട്ടവനാണെങ്കിൽ നിഷേധിക്കുന്ന വിചിത്രമായ വ്യവസ്ഥിതിയും ഇന്നുണ്ട്. ജാതിയും വർഗ്ഗവും തിരിച്ച് ഉദ്യോഗവിതരണം നടത്തുന്ന ഇന്നത്തെ രീതി സർവ്വീസിനെ അധഃപതിപ്പിച്ചിരിക്കുന്നു. സമുദായപ്രാതിനിധ്യത്തിനു് വാദിക്കുന്നവർ ഉദ്യോഗാർത്ഥികളാണ്. മററാളുകൾക്കു അതിൽ വലിയ താല്പര്യമില്ല. ഓരോ ഉദ്യോഗാർത്ഥിയും വിചാരിക്കുന്നതു് അയാളെ നിയമിച്ചാൽ സമുദായം മുഴുവൻ സന്തോഷിക്കുമെന്നാണ്. കാര്യക്ഷമതയെ ആസ്പദമാക്കി മാത്രമെ ഈ ദുഃസ്ഥിതി മാറുകയുള്ളു. അതിനാൽ ബില്ലിനെ സ്വാഗ[illegible]ചെയ്യുന്നു.

മി. റസ്സാക്ക്—ബില്ലിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്നഭിപ്രായപ്പെട്ടു.

മി. വി. മാധവൻ—ബില്ലിനെ അനുകൂലിച്ചു സംസാരിച്ചു:

മി. എ. കെ. പാച്ചുപിള്ള—ബില്ലിനെ എതിർത്തുകൊണ്ടു് ഇന്നത്തെ ചുററുപാടുകളിൽ ഈ ബിൽ അസ്ഥാനത്തെ ഒരനാവശ്യശിശുവാണെന്നു് പ്രസ്താവിച്ചു.

ഞാൻ ബിൽ വീണ്ടും പഠിച്ചു പുനഃപരിശോധന ചെയ്തതിൽ അതു കഴമ്പില്ലാത്ത ഒരു പൊള്ളബില്ലായി ബോദ്ധ്യപ്പെട്ടു. നമ്മുടെ ബഡ്ജററ് ഒരു കമ്മി ബഡ്ജററാണെന്നാണ് ഒരു ചോദ്യത്തിനു് ഒരു മന്ത്രി ഉത്തരം പറഞ്ഞതു്. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇവിടെ ഒരു സർവീസ് കമ്മിഷൻ ഏർപ്പെടുത്തിയാൽ ഓരോ സമുദായങ്ങൾക്കും പ്രാതിനിധ്യം കൊടുക്കണമെന്ന വാദമുണ്ടാകും, അതൊരുപക്ഷെ ശരിയുമായിരിക്കാം: അപ്പോൾ ഏഴിൽകുറയാതെ പ്രതിനിധികൾ കമ്മിഷനിൽ ഉണ്ടായിരിക്കണം.

കമ്മിഷനംഗങ്ങൾക്ക് ഉദ്യോഗത്തിന്റെ പ്രശസ്തിയും നിലയും അനുസരിച്ചു ഒരു ഹൈക്കോടതി ജഡ്ജിയുടെ സ്റ്റാൻഡർഡ് നൽകേണ്ടിവരും. എത്ര വമ്പിച്ച ഒരു ചെലവ് ഇതിനുവേണ്ടി വരുമെന്നു് ബിൽ അവതരിപ്പിച്ചവർ ആലോചിച്ചിട്ടുണ്ടോ? ഇതിനുവേണ്ടി ഗ്രാൻറിനും സപ്ലിമെൻററി ഗ്രാൻറിനുമുള്ള അഭ്യർത്ഥനയായിരിക്കാം അടുത്ത സംരംഭം? അതും ഈ സഭ അനുവദിക്കേണ്ടിവരും. അതിനുള്ള ധനാഗമമാർഗ്ഗം എവിടെ? ഈ ബിൽ ഇവിടുത്തെ സാമുദായികവും വിഭാഗീയവുമായ മനസ്ഥിതിയുടെ വ്യസനകരമായ ഒരു മുദ്രയാണ്: നമ്മുടെ സാമുദായികവും രാഷ്ട്രീയവുമായ ഗാത്രത്തിലെ ഒരു തീരാവ്രണമായി പരിണമിച്ചിരിക്കുന്ന ദുരവസ്ഥയെ മാററുന്നതിനു് ഇതുപോലുള്ള ഒരു ബിൽ ഒരിക്കലും പര്യാപ്തമല്ല. അതിനു മററു പ്രതിവിധികൾ നിങ്ങൾ തേടണം. സാമുദായികവാദക്കാരും വിഭാഗീയചിന്താഗതികളുള്ളവരും കൂടി കൂലംകഷമായി ചർച്ചകൾ നടത്തി ഈ രോഗത്തിനു് ശാശ്വതമായ ഒരു പരിഹാരം കണ്ടുപിടിക്കണം. സാമുദായികസൗഹാർദ്ദം സ്ഥാപിക്കുന്നതിനുള്ള ഏകമാർഗ്ഗം അതാണ്. ഏതെങ്കിലും വിഭാഗക്കാർക്ക് അവർ അർഹിക്കുന്നതിൽ കൂടുതൽ പ്രാതിനിധ്യം പബ്ലിക്ക സർവീസിലുണ്ടെങ്കിൽ ആ അനീതി ഇല്ലാതാക്കുന്നതിനു ഞാൻ എതിരല്ല. കുത്തകവാദത്തെ ഞാൻ അനുകൂലിക്കുന്നുമില്ല. നമ്മുടെ നീതിന്യായ വകുപ്പിനെപ്പററി അടുത്തദിവസം ചർച്ച ചെയ്യുമ്പോൾ മി. പി. നാണു പറയുകയുണ്ടായി, 50%-ൽ കുറയാതെ ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാർ ദുഷിച്ചവരാണെന്നു്. അതിൽ ഒരു ഭാഗമെങ്കിലും ശരിയാണെങ്കിൽതന്നെ അതെത്ര അനാശാസ്യമായ ഒരു നിലയാണ്. നാം ദിവസവും കാണുന്നകാഴ്ച നിങ്ങൾ അനുസ്മരിക്കുന്നുണ്ടോ? സ്വജാതീയ ജഡ്ജിമാരുടെ ബെഞ്ചുകളിൽ കേസ്സുകൾ കേൾപ്പിക്കുവാൻ വക്കീലന്മാർ ബദ്ധപ്പെട്ടു കൊണ്ടിരിക്കുന്നില്ലേ? കക്ഷികളും അങ്ങിനെ തന്നെ. നമ്മുടെ നീതിബോധം അത്ര അധഃപതിച്ചു. ജാതി തിരിച്ചുള്ള ഉദ്യോഗപ്പട്ടികയും അതെ തുടർന്നുള്ള വാദകോലാഹലങ്ങളും ഈ സഭയിൽതന്നെ നാം അനുദിനം കാണുന്ന കാഴ്ചകളാണ്. ഏതെങ്കിലും ഉദ്യോഗസ്ഥൻ തെററുചെയ്തിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചാൽ അപ്പോൾ ജാതിമൂർക്കന്മാരും പൈയനികളും ഇവിടെ ഫണമുയർത്തും ഒരു കമ്മീഷന്റെ നിയമനംകൊണ്ട് ഇതിനു് എങ്ങിനെ പരിഹാരമുണ്ടാകാൻ സാധിക്കും?

ലഞ്ചിനുശേഷം

2 മണിക്ക് സഭാനടപടികൾ തുടർന്നു, മി. എ. കെ. പാച്ചുപിള്ള ബില്ലിനെപ്പററി പ്രസംഗം തുടർന്നു. ഈ കമ്മീഷനു ഒരു ഉപമന്ത്രിസഭയാകയില്ലയോ എന്നാണെന്റെ സംശയം. പ്രാതിനിധ്യം കൂടുതലുള്ള സമുദായങ്ങൾക്കു കുറേക്കാലത്തേക്കു ഉദ്യോഗം നൽകുകയില്ല എന്നു് തീരുമാനിക്കേണ്ടതാണ്: സമുദായങ്ങളുടെ അസമത്വം നീക്കേണ്ടതാണ്.

മി. കണ്ണാറ ഗോപാലപ്പണിക്കർ. പ. സ. കമ്മീഷണറുടെനിയമനത്തോടുകൂടി ഉദ്യോഗസംബന്ധമായ വഴക്കുകൾക്ക് ഏറെക്കുറെ ശമനമുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോഴും ഉദ്യോഗനിയമനം സംബന്ധിച്ച് വഴക്കുകൾ ഉണ്ട്. ബില്ലിൽ 3-ാംവകുപ്പിൽ കമ്മീഷന്റെ പ്രസിഡണ്ടിനു് ഉദ്യോഗ കാലാവധി കഴിഞ്ഞാൽ വെറെ ഉദ്യോഗത്തിൽ ചേരുവാൻ പാടില്ലെന്നു് പറയുന്നതെന്തുകൊണ്ടാണെന്നു് മനസ്സിലാകുന്നില്ല. കൂടാതെ ചില ഡിപ്പാർട്ടുമെൻറുകളെ ഈ ബില്ലിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. എല്ലാ ഡിപ്പാർട്ടുമെൻറുകളും ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തണം: മി. പി. ചാക്കോ ബില്ലിനെ അനുകൂലിച്ചു.

മി. കൃഷ്ണൻ അയ്യപ്പൻ—ബില്ലിനോടനുകൂലിച്ച്, തിരുവിതാംകൂറിലെ ജനങ്ങൾക്ക് സമാധാനവും തൃപ്തിയും സംജാതമാക്കുന്നതിനു് ഈ ബിൽ പര്യാപ്തമാണെന്നു് അഭിപ്രായപ്പെട്ടു.

മി. കുഞ്ഞിത്തൊമ്മൻ—ബില്ലിന്റെ തത്വത്തോടു യോജിക്കുന്നു. ഈ രാജ്യത്തെ രാഷ്ട്രീയമായ സകലകാര്യങ്ങളും പ്രായോഗികമായി നടപ്പിൽ വരുത്തുന്നതു് ഉദ്യോഗസ്ഥന്മാരാണ് എല്ലാവർക്കും സ്വജനപ്രതിപത്തിയുണ്ട്. നിയമനം സംബന്ധിച്ച സാമുദായിക പട്ടികയിൽ ഭീമമായ അനീതി കാണുവാൻ കഴിയും: ഉദ്യോഗസ്ഥന്മാർ സത്യസന്ധതയോടും നീതിയോടും കൂടി പ്രവർത്തിച്ചില്ലെങ്കിൽ അവരെ സർവീസിൽനിന്നും പിരിച്ചുവിടാവുന്നതാണ്. വിവിധ ഉദ്യോഗങ്ങളിലായി എല്ലാ സമുദായക്കാരെയും നിയമിക്കുന്നപക്ഷം കാര്യക്ഷമത വർദ്ധിക്കുകയെ ഉള്ളു.

മി. ശിവരാമപിള്ള ബില്ലിനോടനുകൂലിച്ചു.

മി. കെ. കെ. ചെല്ലപ്പൻപിള്ള—ബില്ലിന്റെ തത്വത്തോട് യോജിക്കുന്നു.

മന്ത്രി മി. എ. ജെ. ജോൺ—സർവസമുദായമൈത്രി പാലിച്ചുകൊണ്ടുപോകുവാൻ ഈ ബിൽ ആവശ്യമാണ്. ബില്ലിന്റെ തത്വത്തോട് എല്ലാവരും യോജിച്ചിരിക്കുകയാണ്. മി. പാച്ചുപിള്ള, മാത്രമെ എതിർത്തിട്ടുള്ളു അദ്ദേഹം അഭിപ്രായപ്പെട്ടകാര്യങ്ങളെ വിശദീകരിച്ചു. വിശദീകരണത്തിൽ സ്റ്റേററുകളിലും പ്രവിശ്യകളിലും ഇതുപോലെയുള്ള ബിൽ പാസ്സാക്കിയിട്ടുണ്ടെന്നും, പ്രസ്താവിച്ചിരുന്നു. അനന്തരം ഈ ബിൽ മെ. കെ. എ. ഗംഗാധരമേനവൻ, അബ്ദുൽറസാക്ക്, മന്നത്തു പത്മനാഭപിള്ള, കെ. എം. ചാണ്ടി, പുല്ലനനാരായണൻ, കെ. പി. നീലകണ്ഠപ്പിള്ള, കെ. എസ്. ജോസഫ്, പി. ററി. ചാക്കോ, പി. എസ്. മഹമ്മദ്, ജി. രാമചന്ദ്രൻ, മിസ്സസ് ദേവകി ജി. ഓസ് എന്നിവർ ഉൾപ്പെട്ട കമ്മിററിക്കയച്ചു.

അഴിമതി നിരോധന ബിൽ

അടുത്തതായി അഴിമതി നിരോധനബിൽ മന്ത്രി എ. ജെ. ജോൺ അവതരിപ്പിച്ച് ഉദ്ദേശകാര്യവിവരണങ്ങൾ പ്രതിപാദിച്ചു. ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാരുദ്യോഗസ്ഥന്മാരെയും നിയമസഭാംഗങ്ങളെയും ബന്ധിക്കുന്നതാണ്.

മി. കെ. പി: നീലകണ്ഠപ്പിള്ള— ശുദ്ധമായ അന്തരീക്ഷം സംജാതമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അഴിമതി നിരോധനബിൽ ഉണ്ടാകണമെന്ന്. ഈ സഭയിൽനിന്നു് ആവശ്യപ്പെട്ടതു്. കൈക്കൂലി ഉള്ളതായി ബഹു: മന്ത്രി പറഞ്ഞു. എപ്പോഴാണ് കൈക്കൂലി തുടങ്ങിയതു്. ജനായത്തഭരണത്തിന്റെ ആരംഭം മുതലാണോ അതോ അതിനു മുമ്പാണോ? ഇവിടെ കൈക്കൂലി ഉണ്ടെന്നു് മുഖപ്രസംഗമെഴുതുകയും അതു തെളിയിക്കുവാൻ സന്നദ്ധമാണെന്നു് പ്രഖ്യാപിക്കുകയും ചെയ്തു. അതിന്മേൽ നടപടി നടത്താതിരുന്നതു് അന്തസ്സാരവിഹീനമെന്നേ പറയുവാൻ. മാത്രമല്ല തെളിവുകൊടുക്കാമെന്നു് പറഞ്ഞയാളിനെ ഇല്ലാതാക്കുകയുമാണ് ചെയ്തതു്.

മി. നേശമണിയുടെ ചോദ്യത്തിനുത്തരമായി, മുഖപ്രസംഗമെഴുതിയ പത്രം മലയാളിയാണെന്നും ഉദ്യോഗസ്ഥന്മാർ എഡ്യൂക്കേഷൻ ഡയറക്ടരും, ഇലക്ട്രിക്കൽ എൻജിനീയറുമാണെന്നും മി. കെ. പി. മറുപടി പറഞ്ഞതിന്റെശേഷം പ്രസംഗം തുടർന്നു.

കൈക്കൂലിയും അഴിമതിയും ക്രിമിനൽ പ്രോസിക്യൂഷനു് വിധേയമാകുമെന്ന തത്വമാണ് ഇതിലുള്ളതെന്നിരിക്കിൽ, ഈ ബില്ലിലെ വ്യവസ്ഥകൾ കൊണ്ട് അതിനു് ഏതുവിധത്തിൽ പരിഹാരം നേടാമെന്നു ശരിയായി നിർദ്ദേശിച്ചിട്ടില്ല കൈക്കൂലിയും അഴിമതിയും ചിരഞ്ജീവികളാണ്, അതില്ലായ്മചെയ്യുന്നതിനു് യമകാലന്മാരുടെ ഗവർമെൻറു് ഉണ്ടാകാതെ ഇന്നത്തെ പരിതസ്ഥിതിയിൽ സാദ്ധ്യമല്ല. കററം ചെയ്തെന്നു് പറയുന്നവൻ നിർദ്ദോഷിയെന്നു് തെളിയിക്കുന്നതിനു് ഈ ബിൽ പര്യാപ്തമല്ല.

മി. പൊന്നറ ശ്രീധർ—ആവശ്യമായ ഭേദഗതികൾ വരുത്തി ഉടനെ പാസ്സാക്കണം.

മി. കുഞ്ഞിത്തൊമ്മൻ—ബില്ലിന്റെ തത്വത്തോടു യോജിക്കുന്നു എന്നാൽ ഇതേരൂപത്തിൽ ഈ ബിൽ പാസ്സാക്കരുതെന്നു തന്നെയാണ് എന്റെയുമഭിപ്രായം. മന്ത്രിമാരോ മററുദ്യോഗസ്ഥന്മാരോ ഓരോ സ്ഥലത്തും സർക്കീട്ടുചെയ്യുമ്പോഴും സർക്കീട്ടുചെയ്യും അതതുസ്ഥലങ്ങളിലെ ജനപ്രതിനിധികളോടും മററും ചോദിച്ചാൽ കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരാരാണെന്നും മററും കണ്ടുപിടിക്കാവുന്നതാണ്. ബിൽ പ്രയോജനകരമായിരിക്കത്തക്കവണ്ണം സാരമായ ഭേദഗതികളോടുകൂടി അംഗീകരിക്കേണ്ടതാണ്.

മി.ചെല്ലസ്വാമി നാടാർ, ബില്ലിനോടനുകൂലിച്ചു പ്രസംഗിച്ചു:

മി. എം. ഒ: ചെറിയാനും ബില്ലിനോടനുകൂലിച്ചു സംസാരിച്ചു.

മി. പി. ററി. ചാക്കോ—ബില്ലിനെ സ്വാഗതം ചെയ്യുന്നു. നിലവിലുള്ള നിയമം കൈക്കൂലിയും, അഴിമതിയും, തീർക്കുന്നതിനു് പര്യാപ്തമായിരുന്നില്ലെന്നും ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലെ ചില വ്യവസ്ഥകൾ കൈക്കൂലിയെയും അഴിമതിയെയും കുറിച്ച് അന്വേഷണം നടത്തുന്നതിനു് പോലീസിനു് അധികാരം നൽകുന്നുണ്ടെന്നും, അതു പ്രയോജനപ്രദമാണെന്നും മുമ്പ് ഇക്കാര്യങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നില്ലെന്നും പ്രസ്താവിച്ചു.

മി. മൈതീൻകുഞ്ഞ്, ബില്ലിനോടനുകൂലിച്ച് പ്രസംഗിച്ചു· 4-30-നു സഭ പിരിഞ്ഞു. നാളെ 11 മണിക്കു കൂടുന്നതാണ്.

ദേശീയവൽക്കരണം

ഈ ഘട്ടത്തിൽ നടപ്പിൽ വരുത്താൻ ഇൻഡ്യാ ഗവർമെൻറിനു് ഉദ്ദേശമില്ലെന്ന് സർദാർ പട്ടേൽ

മദ്രാസ്, ഫെബ്രുവരി 22

ഇൻഡ്യയിൽ വ്യവസായങ്ങളുടെ ദേശീയവൽക്കരണം സംബന്ധിച്ച പ്രചരണങ്ങളെ ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേൽ അപലപിച്ചിരിക്കുന്നു. "ദേശീയവൽക്കരണത്തിനു് ഇൻഡ്യാഗവർമെൻറിനു് ഉദ്ദേശമോ കഴിവോ ഇല്ലെന്നു് നിങ്ങൾ മനസ്സിലാക്കു" എന്നാണ് മദ്രാസ് വ്യാപാരി മണ്ഡലത്തിൽവച്ചു് ഇന്നു് അദ്ദേഹം പ്രസ്താവിച്ചതു്. ഗവർമെൻറിനു് ഭരണകാര്യം നടത്തിക്കൊണ്ടുപോകാൻ കഴിവില്ലാതെ ഇരിക്കുമ്പോൾ വ്യവസായങ്ങൾ ദേശീയവൽക്കരിക്കുവാൻ കഴിയുന്നതല്ലെന്നും അദ്ദേഹം പറഞ്ഞു:

രാജ്യത്തു നടന്നുകൊണ്ടിരിക്കുന്ന അറസ്റ്റുകളെ പരാമർശിച്ചുകൊണ്ടദ്ദേഹം പറഞ്ഞതു് വിപ്ലവപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ മാത്രമെ ഗവർമെൻറു് തടവിലാക്കുയുള്ളു എന്നാണ്.

പ്രതിനിധിസഭയ്ക്ക് മാത്രമവകാശം

ഭരണഘടന എഴുതി ഉണ്ടാക്കാൻ; തിരുമനസ്സിലെ അംഗീകാരവും അതിനു വേണം എന്നു് പ്ര. മന്ത്രി—പിന്നെന്താണ് ലക്ഷ്യപ്രഖ്യാപന പ്രമേയമവതരിപ്പിച്ചപ്പോൾ വിപരീതനില കൈക്കൊണ്ടതെന്നു് ചോദ്യം—ആ ചോദ്യം ഉദിക്കുന്നില്ലെന്നു് പ്രസിഡണ്ടു്

(സ്വ—ലേ)

തിരുവനന്തപുരം, കുംഭം 11

നിയമസഭാ നടപടികൾ ഇന്നു രാവിലെ 11 മണിക്കു് ശ്രീ ആർ വി. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടി.

മി. അബ്ദുൽ മജീദിന്റെ ചോദ്യത്തിനുത്തരമായി വിമുക്തഭടസെൻററുകൾ തിരുവിതാംകൂറിൽ ഒരു സ്ഥലത്തും അനുവദിച്ചിട്ടില്ല; അതിനു് ഇൻഡ്യാ ഗവ: ന്റെ അനുവാദവും നിർദ്ദേശവും ആവശ്യമുണ്ട് എന്നു് മന്ത്രി മി. കുഞ്ഞുരാമൻ പറഞ്ഞു.

മി. കേശവൻ ശാസ്ത്രിയുടെ ഒരു ചോദ്യത്തിനുത്തരമായി കോട്ടയം ഡിസ്ത്രിക്ടിൽപെട്ട മഞ്ഞപ്ര റിസർവിൽനിന്നും സ്ഥലം വിഭജിച്ചുകൊടുക്കണമെന്നു് അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും എന്നാൽ ഇതേവരെ ആർക്കും അവിടെനിന്നും ഭൂമി കൊടുത്തിട്ടില്ലെന്നും മന്ത്രി മി. മർക്കോസ് പ്രസ്താവിച്ചു.

മി. കൃഷ്ണശാസ്ത്രിയുടെ ചോദ്യത്തിനുത്തരമായി നെടുമങ്ങാട്ടു താലൂക്കിൽ നിർബന്ധിത പ്രാഥമികവിദ്യാഭ്യാസാർത്ഥം 26 കെട്ടിടങ്ങൾ കെട്ടുന്നതിനു് ടെൻഡർ കൊടുത്തിരുന്നുവെന്നും അതിൽ 14 എണ്ണത്തിന്റെ ജോലി നിറുത്തിവച്ചിരിക്കുകയാണെന്നും അവിടുത്തെ ജനങ്ങളുടെ സഹായത്തോടുകൂടി അവ കെട്ടുവാൻ സാദ്ധ്യമാകുമോ എന്നറിയുവാനാണ് പണി നിറുത്തിവച്ചിരിക്കുന്നതെന്നും മി: കുഞ്ഞുരാമൻ പ്രസ്താവിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള— സ്ഥലവാസികൾ സ്കൂൾ കെട്ടിടം കെട്ടണമെന്നുള്ളതാണോ ഗവ: ന്റെ നയം.

മന്ത്രി— അല്ല.

മി. കെ പി യുടെ മറെറാരു ചോദ്യത്തിനുത്തരമായി സ്റ്റേററ്സ് മിനിസ്ത്രിയിൽ നിന്നും നിയമിച്ചിട്ടുള്ള കമ്മിററി മാതൃകാഭരണഘടന എഴുതി തീർക്കുന്നതുവരെ ഇവിടുത്തെ ഭരണഘടനാ നിർമ്മാണജോലി നിറുത്തിവയ്ക്കണമെന്നു് സ്റ്റേററ്സ് മിനിസ്ത്രിയിൽനിന്നും ഒരു നിർദ്ദേശം കിട്ടിയിരുന്നുവെന്നും അതിനു് തിരുവിതാംകൂറിനു് ഭരണഘടന എഴുതിയുണ്ടാക്കുവാനുള്ള അവകാശം തിരു: പ്രതിനിധിസഭയ്ക്കു മാത്രമുള്ളതാണെന്നും ആ ഭരണഘടനയ്ക്കു് മഹാരാജാവിന്റെ അംഗീകാരം ഉണ്ടായിരിക്കണമെന്നും എന്നാൽ മാതൃകാ ഭരണഘടനയെപ്പററി പര്യാലോചിക്കുവാൻ തയ്യാറാണെന്നും സ്റ്റേററ്സ് മിനിസ്ത്രിക്കു് ഗവ: ൽ നിന്നും മറുപടി അയച്ചിട്ടുണ്ടെന്നും പ്രധാന മന്ത്രി പറഞ്ഞു.

മി. കെ. പി.– പിന്നെ എന്താണു് ലക്ഷ്യപ്രഖ്യാപന പ്രമേയം പ്രതിനിധിസഭയിൽ അവതരിപ്പിച്ചപ്പോൾ വിപരീതമായ ഒരു നില അവലംബിച്ചതു്?

പ്രസി.— ആ ചോദ്യം ഇവിടെ ഉദിക്കുന്നില്ല.

മി. ഗംഗാധരൻ നായർ:— മാതൃകാഭരണഘടന എന്നു പൂർത്തിയാകുമെന്നറിയാമോ?

പ്ര. മ:— നിശ്ചിതമായും അധികൃതമായും അറിഞ്ഞുകൂടാ.

കോൺഗ്രസ്സിന്റെ പ്രചരണപരിപാടി

(സ്വ: ലേ)

തിരുവനന്തപുരം, കുംഭം 11

ഡി: കോൺഗ്രസ്സ്കമ്മററിയുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പ്രചരണപരിപാടി ഇതോടൊന്നിച്ചു പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

കുംഭം 14-ാംനു പ്രഥമയോഗം പാലായിൽ ഉൽഘാടനം.

16-ാംതീയതി ചേർത്തല,
18-ാംതീയതി ആലപ്പുഴ,
19-ാംതീയതി പറവൂർ,
20-ാംതീയതി പെരുമ്പാവൂർ:

പ്രചരണ പാർട്ടിയിൽ മെ. സ്സ്: കേശവൻ, ടി. എം. വറുഗീസ്, കമ്പളം, എസ്. വരദരാജൻനായർ, പി. ററി. ചാക്കോ, കെ. എ. മാത്യു, പാണ്ഡവത്തു്, കെ. രാമകൃഷ്ണപിള്ള എന്നിവർ ഉണ്ടായിരിക്കുന്നതും ഓരോ സ്ഥലങ്ങളിലെയും യോഗത്തിനുമുമ്പ് അതതു താലൂക്കുകളിലെ കോൺഗ്രസ്സ് പ്രവർത്തകരുടെ സമ്മേളനം നടത്തുന്നതുമാണ്. കോൺഗ്രസ്സിന്റെ ശക്തി രാജ്യത്തിന്റെ ശക്തി എന്നു് വിശ്വസിച്ച് എല്ലാ ദേശാഭിമാനികളും പ്രചരണപരിപാടികളെ വിജയിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു,

നഥാനിയൽ മദ്രാസിലേക്ക്

(സ്വ. ലേ) തിരു: കുംഭം 11

സർദാർപട്ടേലിന്റെ ക്ഷണമനുസരിച്ച് തമിഴ്നാട്ടു കോൺഗ്രസ്സ്കമ്മിററി പ്രസിഡണ്ട് മി. നഥാനിയൽ മദ്രാസിലേക്കു പുറപ്പെട്ടിരിക്കുന്നു.

കോട്ടയം

(സ്വ–ലേ) കുംഭം 12

മാർത്തോമ്മാ വലിയമെത്രാപ്പോലീത്തായുടെ ഉത്സാഹത്തിൽ ആംഗ്ലിക്കൻ ബിഷപ്പിന്റെയും, ഓർത്തഡോക്സ് മെത്രാപ്പോലീത്താ തിരുമനസ്സിലെയും സാന്നിദ്ധ്യത്തിൽ ബാങ്കറന്മാരുടെ ഒരു കോൺഫറൻസ്സ് ഇവിടെ വച്ചു സമീപഭാവിയിൽ വിളിച്ചു കൂട്ടുമെന്നറിയുന്നു,

പള്ളത്തുവച്ചു ഇന്നു് മന്ത്രിമാർക്കു് നൽകുവാൻ നിശ്ചയിച്ചിരുന്ന സ്വീകരണം 15-ാം തീയതിക്കു മാററിയിരിക്കുന്നതായറിയുന്നു:

ഇവിടെ എത്തിയിരുന്ന ചീഫ് എൻജിനീയർ മി. ശിവരാമൻനായർ അല്പവാസ്സും പബ്ലിക്ക് ഹെൽത്ത് ഡയറക്ടർ ഡാ. കുഞ്ഞൻതമ്പി പീരുമേട്ടിലേക്കും പോയിരിക്കുന്നു.

സ്വരാജ് ഹിന്ദി വിദ്യാലയത്തിൽ വെക്കേഷൻ ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു,

തിരുനക്കര മഹാക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് ക്ഷേത്രമൈതാനത്തു വച്ചു ഒരു ഹിന്ദുമത കൺവൻഷൻ ദേവസ്വം ഡിപ്പാർട്ടുമെൻറിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതാണെന്നറിയുന്നു,

തിരുവാർപ്പിൽ ചില സ്ഥലങ്ങളിൽ മസൂരി പിടിപെട്ടിരിക്കുന്നതായറിയുന്നു. ഇപ്പോഴത്തെ വേനലിന്റെ കാഠിന്യം മൂലം ഈ രോഗം പടർന്നുപിടിക്കാതിരിക്കുവാൻ സാനിട്ടറിക്കാരുടെ ശ്രദ്ധ പതിയുന്നതു കൊള്ളാം·

മെ. എൻ. ഗോവിന്ദപ്പിള്ള എ. എൻ. രാമൻപിള്ള മുതലായവരുടെ പിതാവും കാരാപ്പുഴയുള്ള ഒരു ധനാഢ്യനും ഉദാരമതിയും ആയ അമ്പഴത്തിങ്കൽ എ. ആർ. കേശവൻ കർത്താ അവർകളുടെ ഷഷ്ട്യബ്ദപൂർത്തി അടിയന്തിരം സ്വവസതിയായ അറയ്ക്കൽ ഓലെഴത്തിൽ 20ത്തിൽ വച്ചു 9-ാംനു സമംഗളം നടന്നിരിക്കുന്നു. പ്രശസ്താതിഥികൾക്കു വിഭവസമൃദ്ധമായ സദ്യക്കും പുറമെ സാധുക്കൾക്കു അന്നവസ്ത്രാദികളും നൽകുകയുണ്ടായി.

പ്ര. മന്ത്രിക്കു് പട്ടേലിന്റെ ക്ഷണം

(സ്വ. ലേ) തിരു: കുംഭം 11

സർദാർ പട്ടേലിനെ സന്ദർശിക്കാൻ പ്രധാനമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ളയ്ക്കു ക്ഷണം ലഭിച്ചിരിക്കുന്നതായും അസംബ്ലിസമ്മേളനം കഴിഞ്ഞാലുടൻ ശ്രീ· ടി. കെ, പട്ടേലിനെ സന്ദർശിക്കാൻ പോകുന്നതാണെന്നും അറിയുന്നു;

അഗ്നിബാധ

തൃശ്ശിനാപ്പള്ളി, ഫെ: 22

തൃശ്ശിനാപ്പള്ളി മുനിസിപ്പാലിററിയുടെ ആഭിമുഖ്യത്തിലുള്ള അഖിലേന്ത്യാ ഖാദി ആൻഡ് സ്വദേശി പ്രദർശനത്തിനു് ഇന്നു രാവിലെ തീ പിടിക്കയാൽ മൂന്നു സ്റ്റാളുകൾ നാശപ്പെട്ടു. ഇതുനിമിത്തം മുപ്പതിനായിരം രൂപയുടെ നഷ്ടമുള്ളതായി കണക്കാക്കപ്പെടുന്നു.

പരമാർത്ഥം ഏറെക്കുറെ സമ്മതിക്കുന്നു

മുനിസിപ്പൽ പ്രതിഷേധയോഗത്തിൽ നടത്തപ്പെട്ട അക്രമങ്ങളുടെ സംഗതിയിൽ മനോരമ — പ്രതിഷേധപ്രകടനങ്ങൾ എത്രയും ശാന്തമായി പര്യവസാനിക്കുമായിരുന്നുവെന്നതിനു യാതൊരു സംശയവുമില്ല—പക്ഷെ, അവിടെ കൂടിയിരുന്ന ഏതാനും ക്രിസ്തീയയുവാക്കന്മാർ ക്ഷുഭിതരായി യോഗംനടത്താൻ നിവൃത്തിയില്ലാത്തവിധത്തിലുള്ള ശബ്ദകോലാഹലങ്ങൾ തുടങ്ങിയ പ്രതിഷേധപ്രകടനങ്ങൾ നടത്തി — ഇത്രയും പരമാർത്ഥങ്ങൾ സമ്മതിക്കാതെ നിവൃത്തിയില്ലെന്നു കണ്ട മനോരമ, തുടർന്നുള്ള അക്രമങ്ങളുടെ ചുമതല മററുള്ളവരിൽചുമത്താൻ വ്യഥായത്നിക്കുന്നു—പുനരാലോചനാഫലമോ?

"കോട്ടയത്തെ മുനിസിപ്പാലിററി വഴക്ക്" എന്ന ശീർഷകത്തിൽ മലയാളമനോരമ (കുംഭം 10) പ്രസിദ്ധീകരിച്ചിരിക്കുന്ന മുഖപ്രസംഗത്തിൻെറ ഏതാനും ഭാഗമാണ് താഴെ ചേർക്കുന്നത്.

കോട്ടയം മുനിസിപ്പാലിററി പ്രസിഡണ്ടായി ഒരു നായരെ ഈ പ്രാവശ്യം തെരഞ്ഞെടുക്കണമെന്ന് മുനിസിപ്പാലിററിയിലെ ഏതാനും മെമ്പറന്മാർ ആഗ്രഹിക്കുകയും അതു സാധിക്കാതെ വന്നതിനാൽ അവർക്ക് അതൃപ്തിയുണ്ടാകുകയും ആ അതൃപ്തി പ്രദർശിപ്പിക്കാൻ അവർ ചില പദ്ധതികൾ സ്വീകരിക്കുകയും ചെയ്തു. ഒരു നായർ-ക്രിസ്ത്യൻ സമരമാക്കിത്തീർക്കാനായി ക്രിസ്ത്യാനികൾ ആഗ്രഹിക്കയോ ഉദ്യമിക്കയോ ചെയ്യുന്നപക്ഷം അതു രാജ്യനന്മയ്ക്കും ക്രിസ്ത്യൻ സമുദായത്തിൻെറ നന്മയ്ക്കും നിദാനമായിരിക്കുമെന്നു ഞങ്ങൾക്കഭിപ്രായമില്ല. ഈ പ്രക്ഷോഭണപ്രകടനങ്ങൾക്കു യാതൊരു പ്രാധാന്യവും കല്പിക്കാനാവശ്യമില്ലാത്തവിധത്തിൽ അവ അത്ര ശാന്തമായി കഴിഞ്ഞുകൂട്ടുമായിരുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ മുനിസിപ്പാലിററിയിലെ ഒരു സ്വതന്ത്ര ക്രിസ്ത്യൻ മെമ്പർ ന്യായമായ യാതൊരു കാരണവും കൂടാതെ മുനിസിപ്പാലിററിയിലെ യോഗത്തിൽ നിന്നൊരു "വാക്കൗട്ട്" നടത്തുകയും പ്രസ്തുത മെമ്പറെ പ്രക്ഷോഭണപക്ഷക്കാർ അഹ്ളാദപൂർവ്വംസ്വീകരിക്കുകയും അവരുടെ യോഗപീഠത്തിലേക്കു ആനയിക്കുകയും ചെയ്തപ്പോൾ അതുവരെ ശാന്തരായി അവിടെ കൂടിയിരുന്ന ഏതാനും ക്രിസ്തീയ യുവാക്കന്മാർ ക്ഷുഭിതരായിത്തീരുകയും യോഗം നടത്താൻ നിവൃത്തിയില്ലാത്ത വിധത്തിലുള്ള ശബ്ദകോലാഹലങ്ങൾ തുടങ്ങിയ പ്രതിഷേധപ്രകടനങ്ങൾ നടത്തുകയും ചെയ്തു എന്നും അപ്പോൾ യോഗത്തിലുണ്ടായിരുന്ന ഏതാനും നായർ യുവാക്കന്മാർ അവരുടെ യോഗം കശപിശയായതിൽ ക്ഷുഭിതന്മാരായിത്തീരുകയും ക്രിസ്തീയ മത പ്രസംഗങ്ങൾ നടത്താനായി യോഗസ്ഥലത്തിനു സമീപം കെട്ടിയൊരുക്കിയിരുന്ന പന്തലിൻെറ ഓല അവരിൽ ചിലർ വലിച്ചുപൊളിക്കുകയും പന്തലിൻെറ ചില ഭാഗങ്ങളിൽ തീവയ്ക്കുകയും ചെയ്തുവെന്നുമാണ് ഞങ്ങൾക്കു കിട്ടിയ റിപ്പോർട്ടിൽനിന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. ഇതു് ഒരു നായർ ക്രിസ്ത്യൻ വഴക്കാക്കിത്തീർക്കാനായി നായന്മാരും ശ്രമിക്കാതിരിക്കണമെന്നവരോടഭ്യർത്ഥിച്ചുകൊള്ളുന്നു. ഇങ്ങനെയുള്ള താൽക്കാലിക മനക്ഷോഭങ്ങളും അസംതൃപ്തിപ്രകടനങ്ങളും എവിടെയും ഏതു സന്ദർഭങ്ങളിലും ഉണ്ടാകാവുന്നതാണ്. ഇതൊരു വർഗ്ഗീയവഴക്കാക്കിത്തീർക്കാൻ ശ്രമിക്കരുതെന്നും ക്രിസ്ത്യാനികളും നായന്മാരും ഈ പട്ടണത്തിലും ഈ രാജ്യത്തിലും ഒരുമിച്ചു കൂടി കഴിയേണ്ടതാണെന്നുള്ള സംഗതി രണ്ടുകൂട്ടരും വിസ്മരിക്കരുതെന്നും ഞങ്ങൾ രണ്ടുകൂട്ടരോടും അഭ്യർത്ഥിക്കുന്നു.

റൈററ് റവ. ബിഷപ്പ് ജേക്കബ് തന്നെ സമ്മതിക്കുന്നു

കോട്ടയത്തെ മുൻ. പ്രക്ഷോഭണം ക്രിസ്ത്യാനികൾ വർഗ്ഗീയ ചിന്തയോടെ പ്രവർത്തിക്കുന്നതിനു ഒരു ദൃഷ്ടാന്തമാണെന്ന്---

വേറെയും ചില പരമാർത്ഥങ്ങൾ

(പ്ര—ലേ) മാരാമൺ, കുംഭം 10

(ക്നു) ശനിയാഴ്ച ഉച്ചയ്ക്കു ശേഷം 4 മണിക്കു കൂടിയ മിഷ്യനറിയോഗത്തിൽ റൈററ് റവ. ബിഷപ്പ് സി. കെ. ജേക്കബ് തിരുമനസ്സുകൊണ്ട് ചെയ്ത പ്രസംഗത്തിൽ യേശുക്രിസ്തുവിൻെറ ആദർശപ്രകാരം ജീവിക്കേണ്ടവരായ ക്രിസ്ത്യാനികൾ ലജ്ജാകരമായ അനീതിയും അഴിമതിയും പ്രവർത്തിക്കുന്നതിലും കരിഞ്ചന്തവ്യാപാരം ചെയ്യുന്നതിലും മുന്നിട്ടുനിൽക്കുന്നതു് പരിതാപകരമാണെന്നും ക്രിസ്ത്യാനികൾ ഏററം കൂടുതൽ അധിവസിക്കുന്ന സ്ഥലത്താണ് ഏററവും കൂടുതൽ ബ്ളാക്കുമാർക്കററുള്ളതെന്നും പ്രസ്താവിക്കയുണ്ടായി. വർഗ്ഗീയ ചിന്തയോടുകൂടെ ക്രിസ്ത്യാനികൾ പ്രവർത്തിക്കുന്നതു ആക്ഷേപാർഹമാണെന്നും കോട്ടയത്തെ മുനിസിപ്പൽ തെരഞ്ഞെടുപ്പു സംബന്ധിച്ചു നടക്കുന്ന പ്രക്ഷോഭണം അതിനു ദൃഷ്ടാന്തമാണെന്നും ബിഷപ്പ് തിരുമനസ്സുകൊണ്ട് ചൂണ്ടിക്കാണിച്ചു

മിസ്സ് ശർമ്മാ നിലവിളിച്ചു; ഉടനെ അക്രമി ഒരുകയ്യുകൊണ്ടു അവരുടെ മുഖത്തും വായ്ക്കുംകൂട്ടി അമർത്തിപ്പിടിച്ചു

കുളത്തൂപ്പുഴക്കേസ്സിൽ മിസ് ശർമ്മായുടെ മൊഴി; സാക്ഷി വിപരീതസാക്ഷിയായിത്തീർന്നിരിക്കുന്നതിനാൽ ക്രാസ്സുചെയ്യാൻ അനുവാദം വേണമെന്ന് പബ്ളിക്ക പ്രോസിക്യൂട്ടർ.

(സ്വന്തംപ്രതിനിധി)

അയ്യങ്കാവ്, കുംഭം 10

കുളത്തൂപ്പുഴസംഭവം സംബന്ധിച്ചു കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകോടതിയിൽ വിചാരണയിലിരിക്കുന്ന കേസ്സ് ഇന്നു അയ്യങ്കാവ് ക്യാമ്പുഷെഡിൽവച്ചു നടക്കുകയുണ്ടായി. ഇന്നു രാവിലെ 10-15നു കോടതികൂടി. വാദിഭാഗം അഡ്വക്കേററും, പ്രതിഭാഗം അഡ്വക്കേററുകളും നേരത്തെതന്നെ കോടതിയിൽ ഹാജരായി. മണി 10-10 ആയപ്പോഴേയ്ക്കും കേസിലെ ഒന്നാംസാക്ഷിയായ മിസ് ശർമ്മായും രണ്ടാംസാക്ഷിയായ ചാററർജിയും പാർട്ടിയും കോടതിയിൽ ഹാജരായി. ആദ്യമായി മിസ് ശർമ്മായെ വിസ്തരിക്കുന്നതിനായി സത്യംചെയ്യിച്ചു. തദവസരത്തിൽ താൻ ഇൻഡ്യാഗവർമ്മെൻററിൽനിന്നും നിയോഗിക്കപ്പെട്ടിരിക്കുന്നവരാകകൊണ്ട് ഡിപ്പാർട്ടുമെൻററ് മുഖാന്തിരമാണ് സമൻസ് അയയ്ക്കേണ്ടിയിരുന്നതെന്നും, ഒരു ഗവർമ്മെൻറു് ഉദ്യോഗസ്ഥ എന്ന നിലയിലാണ് താൻ സമൻസ് കൈപ്പററിയതെന്നും മിസ് ശർമ്മാ കോടതിയെ അറിയിക്കുകയും, അന്ത്രാപ്പോളജിസ്റ്റ്പാർട്ടി ലീഡറായ മി: ചാററർജിമുഖാന്തിരമാണ് സമൻസ് അയച്ചിട്ടുള്ളതെന്നും ആ മുഖാന്തിരം അയച്ചാലും കക്ഷിതന്നെയാണ് ഒപ്പിട്ടുവാങ്ങേണ്ടതെന്നും കോടതിയിൽനിന്നും ഉത്തരവാകുകയുംചെയ്തു. അതേത്തുടർന്നു തൻെറ പേര് ജ്യോതി എം. ശർമ്മയെന്നാണെന്നും 26 വയസ്സ് പ്രായമുണ്ടെന്നും ഹിന്ദുമതത്തിൽപെട്ട ഒരു ബ്രാഹ്മണസ്ത്രീയാണെന്നും മിസ് ശർമ്മ കോടതിയിൽ മൊഴികൊടുത്തു. അതേത്തുടർന്നു വാദിഭാഗത്തുനിന്നും അഡ്വക്കേററ് ശ്രീ: തൈക്കാട്ടു സുബ്രഹ്മണ്യയ്യർ വിസ്താരം ആരംഭിച്ചു അതിൽ സാക്ഷി ഇപ്രകാരം മൊഴികൊടുത്തു:—ഞാൻ ഇന്ത്യാഗവണ്മെൻറിൻെറ അന്ത്രാപ്പോളജിവകുപ്പിലെ ഒരു മെമ്പറാണ്. എനിക്കു മിസ്റ്റർ ചാററർജിയെ അറിയാം. അദ്ദേഹം ഞങ്ങളുടെ ആഫീസ്സർ ഇൻചാർജ്ജാണ്. ഞങ്ങൾ ഇൻഡ്യാഗവണ്മെൻറിൻെറ ആജ്ഞാനുസരണമാണ് ഇവിടെ വന്നതു്. മലവർഗ്ഗക്കാരുടെ ജാതി, അവരെ സംബന്ധിക്കുന്ന കാര്യങ്ങൾ ഇവ നേരിട്ടുമനസ്സിലാക്കുന്നതിനാണ് ഞങ്ങളെ നിയോഗിച്ചിരിക്കുന്നതു്. പാർട്ടിലീഡറായ ചാററർജിയുടെ കൂടെയാണ് ഞങ്ങൾ വന്നതു്. തിരുവിതാംകൂറിൽ ജനു: 7-ാംനു എത്തി. ഔദ്യോഗികമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി ഞങ്ങൾ ജനുവരി 20-ാംനു കുളത്തൂപ്പുഴ വന്നു. ഞങ്ങൾക്കാവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുതരുന്നതിനു ഫാറസ്റ്റ് റെയിഞ്ചാഫീസ്സർക്കു ഗവണ്മെൻറിൽനിന്നും നിർദ്ദേശം കൊടുത്തിട്ടുണ്ടായിരുന്നു. 20-ാംനു മുതൽ 28-ാംനുവരെ ഞങ്ങൾ കുളത്തൂപ്പുഴ ക്യാമ്പുചെയ്തു. കുളത്തൂപ്പുഴ ററി. ബി. അധിവാസകേന്ദ്രമാക്കികൊണ്ട് ഞങ്ങൾ വിവിധ സ്ഥലങ്ങളിൽ ചുററിസഞ്ചരിച്ചു് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. ജനുവരി 25-ാംനു ഞങ്ങളുടെ പാർട്ടിലീഡറായ മി: ചാററർജി കുളത്തൂപ്പുഴ ററി ബിയിൽ ഉണ്ടായിരുന്നില്ല 25-ാംതീയതി 5 മണിക്കുശേഷം പേഴ്സനൽ അസിസ്റ്റൻറന്മാരും, ചപ്രാസികളായ ഗംഗായും, ജോഗേന്ദ്രമിശ്രായും ററി-ബി-യിൽ ഉണ്ടായിരുന്നു. എൻെറ കൂടെ രണ്ടു കാണിക്കാരും ഉണ്ടായിരുന്നു. അന്നു് ഒരു ഫാറസ്റ്റ് ഗാർഡിനെ അയച്ചുതരണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ട്. മൂന്നുതവണ ആവശ്യപ്പെട്ടു ഒരിക്കൽ റെയിഞ്ചാഫീസരോടു പറഞ്ഞു: രണ്ടാമതായി ദ്വിഭാഷി മുഖാന്തിരം ഞാൻ റെയിഞ്ചാഫീസറെ അറിയിച്ചു മൂന്നാമതായി ററി-ബി-യുടെ എതിർവശം താമസിച്ചിരുന്ന സെക്ഷനാഫീസറോടും പറഞ്ഞു.

ചോ—ഫാറസ്റ്റുകാരോടു പറഞ്ഞോ?

ഉ- നേരിട്ടുകണ്ടു് ആവശ്യപ്പെട്ടു.

ചോ—നിങ്ങൾ ജനുവരി 25—ാംതീയതി രാത്രി 9 മണിക്ക് ഉറങ്ങാൻപോയോ?

ഉ— പോയി. മുറിക്കകത്തു് ഞാൻ എൻെറ സാധനങ്ങൾ നിരത്തി വച്ചിരിക്കുകയായിരുന്നു മുറിക്കു പൂട്ടില്ലായിരുന്നു. അതുകൊണ്ടു് ഒരു ചപ്രാസി എൻെറ മുറിയുടെ മുൻവശത്തും മററയാൾ ഡാ. ചാററർജിയുടെ മുറിയുടെ മുൻവശത്തും കിടന്നുറങ്ങുവാൻ ഞാൻ ഏർപ്പാടുചെയ്തു കാണിക്കാർ എവിടെ കിടന്നുവെന്നു ഞാൻ ശ്രദ്ധിച്ചില്ല. അവർ ചപ്രാസികളുടെ മദ്ധ്യത്തിൽ കിടന്നുവെന്നു് പിന്നീടു ഞാൻ മനസ്സിലാക്കി. രാത്രി 8 മണിക്ക് അന്നു് ഞാൻ അത്താഴം കഴിച്ചു അതിനുശേഷം 8 മണിമുതൽ 9 മണിവരെ ഗ്രാമഫോൺ വായിച്ചുകൊണ്ടിരുന്നു

ചോദ്യം—അപ്പോൾ ജന്നൽ തുറന്നുകിടക്കുകയായിരുന്നോ?

ഉത്തരം—അതെ. ഒരു ജന്നൽ തുറന്നുകിടക്കുകയായിരുന്നു.

ചോദ്യം— കതകിനു സാക്ഷയുണ്ടോ ഇല്ലയോ എന്നറിഞ്ഞുകൂടായോ?

ഉത്തരം— അറിഞ്ഞുകൂടാ.

ചോദ്യം— അന്നുരാത്രി എന്തോ സംഭവം ഉണ്ടായല്ലോ. അതു് എന്താണെന്നു് നിങ്ങൾ ദയവായി പറയുമോ?

ഉത്തരം— അഞ്ചുമിനിട്ടു കഴിഞ്ഞു് പറയാം. അത്രയും നേരത്തേയ്ക്കു എനിക്കു വിശ്രമം തരണം. (അഞ്ചുമിനിട്ടിനുശേഷം) ഒൻപതുമണിക്കു ഞാനുറങ്ങാനായി കിടന്നു. പിന്നീടു ഞാനുണർന്നു എൻെറ തലയിണയുടെ അടുത്തു ഒരു ചെറിയ അനക്കം കേട്ടാണു് ഞാൻ ഉണർന്നതു്. ജന്നലിൻെറ കതകു തുറന്നുകിടന്നിരുന്നു

ചോ—എന്നിട്ടു ആദ്യമെന്താണു ചെയ്തതു്?

ഉ—ആദ്യം എന്തുചെയ്തുവെന്നോ പിന്നീടു എന്തുചെയ്തുവെന്നോ പറയാൻ സാധിക്കുകയില്ല. പെട്ടെന്നു ഞാൻ ടാർച്ചു ലൈററു് നോക്കി. അവിടെയെങ്ങും ടോർച്ച് ലൈററു കണ്ടില്ല. ജനലിൻെറ പകുതി കതകു തുറന്നുകിടന്നിരുന്നതും തലയിണയുടെ അനക്കം കേട്ടതും ഞാൻ "ക്യാ" എന്നു വിളിച്ചതും ഒന്നായികഴിഞ്ഞു. "ക്യാ" എന്നാൽ എന്തു് എന്നാകുന്നു ഞാൻ നിലവിളിച്ചു. ഉടനെ ഒരുകയ്യുകൊണ്ടു എൻെറമുഖത്തും വായ്ക്കുംകൂടി അമർത്തിപ്പിടിച്ചു. ആ കയ്യു വിടുവിക്കുന്നതിനു ഞാൻ വെമ്പൽ കൊണ്ടു. തലയ്ക്കു മുകളിൽകൂടിയാണു് കൈ കൊണ്ടുവന്നതു് കയ്യ് വിടുവിക്കുന്നതിനുള്ള എൻെറ പരിശ്രമവും നിലവിളിക്കാതെ വാ പൊത്തിപ്പിടിക്കുന്നതിനുള്ള ആ ആളിൻെറ ശ്രമവും നടന്നു.

ചോദ്യം—എത്രനേരം പിടിച്ചുവെന്നു അറിയാമോ?

ഉത്തരം—ഒന്നോ രണ്ടോ മിനിട്ടിൽകൂടുതലായി പിടിച്ചിരിക്കുകയില്ല. ഈ ശ്രമത്തിനിടയിൽ ഞാൻ എണീററിരിക്കുകയും, അയാളുടെ ഒരുവിരൽ എൻെറ വായിലാകുകയും ചെയ്തു. അതു് വലിയ ഒരുകയ്യായിരുന്നു കയ്യുടെ റിസ്ററും വലുതായിരുന്നു. പരുപരുത്ത കയ്യായിരുന്നു അതു് അതല്ലാതെ അയാളുടെ വിവരണംപറയാൻ നിവൃത്തിയില്ല. ഈ സംഭവം കൊതുകുവലയ്ക്കകത്താണു് നടന്നതു്. അതുകാരണം കയ്യുടെ പരുപരുപ്പ് വലയിൽക്കൂടി ഉണ്ടായതാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. തലയുടെ മുകളിൽക്കൂടി അതന്നെയാണു് കൈ കൊണ്ടുവന്നതു്. എൻെറ ഒച്ചവിളിയും എത്രനേരമുണ്ടായിരുന്നു എന്നറിഞ്ഞുകൂടാ. എൻെറ വിളി കേട്ടു് വെളിയിൽകിടന്ന ചപ്രാസികൾ ഉണർന്നു "എന്തുണ്ടായി" എന്നു ചോദിച്ചുകൊണ്ടു് അവർതന്നെ കതകുതുറന്നു അകത്തു കടന്നു: അകത്തു കയറി ചപ്രാസികൾതമ്മിൽ അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കുന്നതുകേട്ടു. ഒരുവിധം ശ്വാസം മുട്ടലോടുകൂടി "ഒരു കള്ളൻ എൻെറ മുറിയിൽ കടന്നിട്ടുണ്ടു്. എൻെറ ബാഗ് എടുക്കാൻ അയാൾ ശ്രമിച്ചു"വെന്നു് ഞാൻ ചപ്രാസികളോടു പറഞ്ഞു. ബാഗ് തലയിണയുടെ അടിയിലാണു് വച്ചിരുന്നതു്. എൻെറ കയ്യിൽ എന്തെങ്കിലും മിച്ചമുള്ളതുകയുണ്ടെങ്കിൽ അതു ബാഗിലാണു് ഞാൻ വയ്ക്കുന്നതു്. നൂറു രൂപാവരെ ഞാൻ അങ്ങിനെ വയ്ക്കാറുണ്ടു്. പണം എവിടെവയ്ക്കുമെന്നു് മിക്കവാറും പേർക്കു അറിയാം. ഇങ്ങിനെ പണം ബാഗിനപ്പുറത്തു വച്ചുകൊണ്ടിരുന്നാൽ അതു് വല്ലവരും മോഷ്ടിച്ചുകൊണ്ടുപോകുമെന്നു് പാർട്ടിയംഗങ്ങൾ തന്നെ എന്നോടു് കളിയായി പറഞ്ഞിട്ടുണ്ടു്. പാർട്ടിയിലെ അംഗങ്ങൾ വെളിയിൽ പോയിരുന്നതിനാൽ അവരുടെ പണവും എന്നെ ഏൽപ്പിച്ചിരിക്കുകയാണെന്നു് എല്ലാവർക്കുമറിയാമായിരുന്നു. ചപ്രാസികൾ കള്ളൻ എൻെറ മുറിയിലുണ്ടോ, എന്നും സാമാനങ്ങൾ വല്ലതും മോഷ്ടിച്ചുകൊണ്ടുപോയോ എന്നും നോക്കി. സാമാനങ്ങളെല്ലാമുണ്ടോയെന്നു് നോക്കണമെന്നു ഞാൻ പറഞ്ഞതനുസരിച്ചാണു് അവർ നോക്കിയതു്. ബാഗ് എവിടെ വച്ചുവെന്നു് ഒരു ചപ്രാസി എന്നോടു ചോദിച്ചു. അപ്പോഴേക്കും മേശപ്പുറത്തു ബാഗ് ഇരിക്കുന്നതായി അവർ എന്നോടു പറഞ്ഞു. ബാഗ് ശൂന്യമായിരിക്കുന്നല്ലോ യെന്നു ചപ്രാസിയെന്നോടു പറഞ്ഞു. പണമൊന്നും പോയിട്ടില്ല; അതു ഞാൻ വേറെ വച്ചിരിക്കുകയാണു് എന്നു ഞാൻ അയാളോടു പറഞ്ഞു ബാക്കിയുള്ള സാധനങ്ങൾ സുരക്ഷിതമാണോയെന്നു് ഞാൻ അവരോടു ചോദിച്ചു വസ്തുക്കളെല്ലാം ഉണ്ടു് എന്നു അവർ അവിടമെല്ലാം പരിശോധന നടത്തിയശേഷം എന്നോടു പറഞ്ഞു ഒരാൾ ഈ മുറിക്കകം സൂക്ഷിച്ചുകൊള്ളണം ശേഷം പേർ വെളിയിൽപൊയ്ക്കൊള്ളിൻ എന്നു് ഞാൻ അവരോടു പറഞ്ഞു. ചപ്രാസികൾ പോയിപുറത്തുനിന്നും തിരിച്ചുവന്നശേഷം മി: ചാററർജിവിവരം പോലീസിനെ അറിയിക്കുകയും, പോലീസിനു സ്റ്റേററുമെൻറു കൊടുക്കണമെന്നു് ചാററർജി എന്നോടു ആവശ്യപ്പെടുകയും ചെയ്തു. ചാററർജിയോടു് വിവരം പറയുമ്പോൾ പാർട്ടിയിലെ എല്ലാ അംഗങ്ങളും ഉണ്ടായിരുന്നു.

ചോ—വേറെ വല്ലവരുമുണ്ടായിരുന്നോ?

ഉ—ജലാലും ഉണ്ടായിരുന്നു

ചോ—സെക്ഷനാഫീസ്സർ അവിടെ ഉണ്ടായിരുന്നില്ലേ?

ഉ—ഇല്ല.

ഉടൻതന്നെ, സാക്ഷി വിപരീതസാക്ഷിയായി തീർന്നിരിക്കുകയാണെന്നും അതു കൊണ്ടു സാക്ഷിയെ ക്രാസ്സ ചെയ്യുന്നതിനുള്ള അനുവാദം വേണമെന്നും പബ്ളിക്ക് പ്രാസിക്യൂട്ടർ കോടതിയോടു അപേക്ഷിക്കുകയും അതു് റിക്കാർഡു ചെയ്യണമെന്നു പ്രതിഭാഗം അഡ്വക്കേററു് പ്രസ്താവിക്കുകയും കോടതി ആയതു് അനുവദിക്കുകയുമുണ്ടായി.

അനന്തരം പബ്ളിക്ക് പ്രാസിക്യൂട്ടർ നടത്തിയ ക്രാസ്സിൽ സാക്ഷി ഇപ്രകാരം പ്രസ്താവിച്ചു:—

ചോ—നിങ്ങൾ കളവ് കളവ് എന്നു പറയുന്നല്ലോ. ആ കളവിൻെറ കഥ വാസ്തവമല്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇതു് പിന്നീടുണ്ടായ ഒരു കണ്ടുപിടിത്തമാണു്, അല്ലെ

ഉ—അല്ല (ഈയവസരത്തിൽ പബ്ളിക്ക് പ്രാസിക്യൂട്ടർ സാക്ഷി പോലീസ്സിനുകൊടുത്ത സ്റ്റേററുമെൻറെടുത്തു)

ചോ—(സ്റ്റേററുമെൻറു് സാക്ഷിയെ കാണിച്ചുകൊണ്ടു്) ഇതു് നിങ്ങൾ ജനുവരി 28-ാംനു കൊടുത്ത സ്റ്റേററുമെൻറാണോ.

ഉ—അതെ?

ചോ—ഇതിൽ നിങ്ങൾ ഒപ്പുവച്ചിട്ടുണ്ടോ?

ഉ—ഉണ്ടു്.

അനന്തരം "പല കാരണങ്ങളാലും ഈ സംഭവദിവസം എൻെറ മുറിയിൽ കടന്നു് എന്നെ ഉപദ്രവിച്ചതു് പി. ഡബ്ളിയു. ഡി. സെക്ഷനാഫീസ്സറാണെന്നാണു് ഞാൻ സംശയിക്കുന്നതെന്നു്" സാക്ഷി കൊടുത്ത സ്റ്റേററുമെൻറിൽ എഴുതിയിരുന്ന ഭാഗം പബ്ളിക്ക് പ്രാസിക്യൂട്ടർ സാക്ഷിയെ വായിച്ചുകേൾപ്പിച്ചു.

ചോ—ഇതു് നിങ്ങളുടെ കയ്യടതന്നെയല്ലേ.

ഉ—അതെ. എൻെറ കയ്യടയിലാണു്.

ചോ—ഈ സ്റ്റേററുമെൻറു് ഏതുസമയത്താണു് കൊടുത്തതു്.

ഉ—12 മണിക്കുമേൽ നാലു മണിക്കകം

ചോ—ഇതു് സത്യമായും ന്യായമായും എഴുതിയിട്ടുള്ളതാണോ?

ഉ—അതെ.

ചോ—സ്റ്റേററുമെൻറു കൊടുക്കുന്നതിനുമുമ്പു് നിങ്ങൾ പോലീസ്സുദ്യോഗസ്ഥന്മാരുമായി സംസാരിച്ചോ?

ഉ—ഇല്ല.

ചോ—നിങ്ങളുടെ തോളിൽ ഒരാൾ ബലമായി അമർത്തിയെന്നു് സ്റ്റേററുമെൻറിൽ പറഞ്ഞിട്ടുണ്ടോ?

എൻെറ കഴുത്തിൽ അമർത്തിപ്പിടിച്ചിരുന്നുവെന്നും, അതിൽ നിന്നും ഒഴിയുകയായിരുന്നുവെന്നുമാണു് ഞാൻ വ്യക്തമാക്കിയതു്.

ഈ അവസരത്തിൽ സാക്ഷി പോലീസ്സിൽ കൊടുത്ത സ്റ്റേററുമെൻറിൽ പല ഭാഗങ്ങളും ഓർമ്മപ്പെടുത്തുകയാണെന്നു് സാക്ഷി കോടതിയിൽ ബോധിപ്പിക്കുകയും, ക്രാസ്സിനുശേഷം കോടതിയുടെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കാമെന്നും ക്രാസ്സ നടന്നുകൊണ്ടിരിക്കുമ്പോൾ ഓർമ്മപുതുക്കുന്നതിനു അനുവദിക്കാൻ പാടില്ലെന്നും പബ്ളിക്ക് പ്രാസിക്യൂട്ടർ എതിർക്കുകയും ചെയ്തു.

ചോ—കഴുത്തിൽ പിടിച്ചുവെന്നാണോ നിങ്ങളുടെ സ്റ്റേററുമെൻറിൽ പറഞ്ഞതു്?

ഉ—എന്താണു പറയേണ്ടതെന്നു് ഒരു രൂപവുമില്ലാതെ പറഞ്ഞുപോയതാണു്.

ചോ—കുളത്തൂപ്പുഴ താമസിക്കുമ്പോൾ സംഭവത്തിനുശേഷം വല്ല സാധനവും കളവുപോയിട്ടുണ്ടോ?

ഉ—കളവുപോയതായി ഞാൻ വിചാരിക്കുന്നില്ല.

ചോ—നിങ്ങളുടെ സ്റ്റേററുമെൻറിൽ തലയുടെ പുറകിലാണു് അയാൾ നിന്നിരുന്നതെന്നു നിങ്ങൾ എന്തുകൊണ്ടുപറഞ്ഞില്ല?

ഉ—ഏതുനിലയിലാണു് അയാൾ നിന്നിരുന്നതെന്നു പോലീസ്സ് എന്നോടു ചോദിച്ചിരുന്നില്ല പക്ഷെ തലയുടെ ഭാഗത്തുള്ള കൊതുകുവല അണിയിൽ നിന്നും ഉയർന്ന വിവരം ഞാൻ പറഞ്ഞിരുന്നു. എൻെറ ചപ്രാസികളാണു കണ്ടുപിടിച്ചതു്.

ചോ—നിങ്ങൾ സംഭവദിവസം 26-ാംനു ചാററർജിയോടു പറഞ്ഞപ്പോൾ സെക്ഷനാഫീസർ അവിടെയുണ്ടായിരുന്നോ?

ഉ—സെക്ഷനാഫീസ്സർ അവിടെയില്ലായിരുന്നു എന്തിനുണ്ടായിരിക്കണം?

ചോ— ഫാറസ്റ്റ്റെയിഞ്ചർ കോടതിയിൽ നൽകിയ സ്റ്റേററുമെൻറിൽ "നിങ്ങൾ സംഭവവിവരം ഡാ. ചാററർജിയോടു പറയുമ്പോൾ സെക്ഷനാഫീസ്സർ അവിടെ ഉണ്ടായിരിക്കുന്നതു നിങ്ങൾ ഇഷ്ടപ്പെടുന്നില്ല" എന്നു പറഞ്ഞിരിക്കുന്നല്ലോ

ഉ-ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

ചോ-റെയിഞ്ചർ അപ്പോളുണ്ടായിരുന്നോ?

ഉ-ഉണ്ടായിരുന്നില്ല. വൈകിട്ടാണു വന്നതു്.

ചോ—ജനുവരി 26-ാംനു സെക്ഷനാഫീസ്സർ അവിടെയുണ്ടായിരുന്നോ?

ഉ-അയാളുടെ മുറിയിലുണ്ടായിരുന്നു,

ചോ-അന്നു നിങ്ങൾ സെക്ഷനാഫീസ്സറെ കണ്ടോ?

ഉ-അന്നു കണ്ടു. നിങ്ങൾക്കു് എങ്ങനെ ഇരിക്കുന്നു എന്നു ചോദിച്ചതിനു് മുഖത്തുള്ള മുറിവിൽ അല്പം വേദനയുണ്ടെന്നു ഞാൻ പറഞ്ഞു.

ചോദ്യം—വേറെ വല്ലവരും ഉണ്ടായിരുന്നോ?

ഉത്തരം—ചപ്രാസി സാധനം സൂക്ഷിച്ചുകൊണ്ടിരുന്നു. അയാളുടെ സാന്നിദ്ധ്യത്തിൽ ഞാൻ സെക്ഷനാഫീസ്സറോടു പറഞ്ഞു, എനിക്കു ഗാർഡിനെ തരണമെന്നു് അയാൾ പറഞ്ഞു, ഞാൻ മുറിയിലിരുന്നുകൊണ്ടു് സൂക്ഷിച്ചുകൊള്ളാമെന്നും, വേണ്ടതെല്ലാം ശ്രദ്ധിച്ചുകൊള്ളാമെന്നും ഇനിയും പോലീസിലേക്കു റിപ്പോർട്ടുചെയ്യാൻ ഉദ്ദേശിക്കുകയാണോ എന്നു ചോദിച്ചു. അയാളുടെ പെരുമാററം എനിക്കു പിടിച്ചില്ല. അതിനാൽ ഇല്ല എന്നു ഞാൻ പറഞ്ഞ [illegible] പോകുന്നവഴി റെയിഞ്ചാഫീസ്സറോടു ഈ സംഭവത്തെപ്പററി പറയുവാനായി ഞാൻ അവിടെ ഇറങ്ങാൻ നിശ്ചയിച്ചു. സെക്ഷനാഫീസർ ഈ വിവരം അറിഞ്ഞ ഉടനെ ബസ്സിൽ സ്ഥലം കിട്ടണമെങ്കിൽ ബസ്സാറിൽനിന്നും കയറണമെന്നും പറഞ്ഞു എന്നെ അനുഗമിച്ചു. ഞാൻ ബസ്സു കയറി. (ഈ അവസരത്തിൽ കോടതി ലഞ്ചിനു പിരിയുകയും, ഒരു മണിക്കൂറിനുശേഷം വീണ്ടും വിസ്താരം ആരംഭിക്കുകയും ചെയ്തു).

ചോ—നിങ്ങൾ 25-ാംതീയതി സെക്ഷനാഫീസ്സറെ കണ്ടോ?

ഉ—25-ാം തീയതി എൻെറ പാർട്ടി പുറപ്പെട്ടു

ചോ—നിങ്ങൾ ഗാർഡിനെ അയച്ചുതരാൻ സെക്ഷനാഫീസറോടു ആവശ്യപ്പെട്ടു?

ഉ-ഗാർഡിനെ അയയ്ക്കാമെന്നു പറഞ്ഞിരുന്നു. സംരക്ഷണത്തിനു വേണ്ടതു ചെയ്യാമെന്നും പറഞ്ഞിരുന്നു.

ചോ—സ്റ്റേററുമെൻററിൽ 25-ാംതീയതി രാത്രി സെക്ഷനാഫീസ്സർ നിങ്ങളുടെ മുറിയിൽ വന്നുവെന്നും, അയാളുമായിട്ടാണു് നിങ്ങൾ പിടിനടത്തിയതെന്നും മററും പറഞ്ഞിരിക്കുന്നതു് ശരിയാണോ?

ഉ—ഞാൻ പറഞ്ഞിരിക്കാം. പക്ഷെ എൻെറ കൈയക്ഷരമല്ല.

ചോ—നിങ്ങൾ ഒപ്പിടുന്നതിനുമുമ്പു് സ്റ്റേററുമെൻറു വായിച്ചിട്ടുണ്ടോ?

ഉ—അതെ.

ജി. എസ്. സ്വാമി ഞങ്ങളുടെ പാർട്ടിയിലെ ഒരംഗമാണു്. അദ്ദേഹം ഒരു എം. എ എൽ. എൽ. ബി. ഗ്രാഡ്വേററാണു്. അദ്ദേഹം എൻെറ പേഴ്സനൽ അസിസ്റ്റൻറും എൻെറ കീഴിൽ പരിശീലനം നടത്തിവരുന്ന ഒരാളുമാണു്.

ചോ—നിങ്ങൾക്കു പോലീസിനു എതിരായി വല്ല പരാതിയും ഉണ്ടോ?

ഉ-ഇല്ല (ഔദ്യോഗികമായി)

ചോ—ഇപ്പോൾ നിങ്ങൾ പോലീസിനെതിരായി വല്ല പരാതിയും പറഞ്ഞിട്ടുണ്ടോ?

ഉ—എനിക്കു് പോലീസിനെതിരായി ഒരു പരാതിയും ഇല്ല. ചില വ്യക്തികൾക്കു് എതിരായി പരാതികൾ ഉണ്ടു്. എന്നാൽ ഞാൻ അതു് കോടതിയിൽ പ്രസ്താവിക്കുന്നില്ല.

ചോ—നിങ്ങളെ ചെങ്കോട്ട ലേഡി ഡാക്ടർ ചികിത്സിച്ചിട്ടുണ്ടോ?

ഉ—ഇല്ല.

ചോ—നിങ്ങൾ ഒപ്പിട്ട മഹസ്സറിൻെറ ഒടുവിൽ "For many reasons" (പല കാരണങ്ങളാലും) എന്നു പറഞ്ഞിട്ടുണ്ടല്ലോ, നിങ്ങളുടെ സ്റ്റേററുമെൻറിലും "Many Reasons" എന്നു പറഞ്ഞിട്ടുണ്ടല്ലോ. ആ കാരണങ്ങൾ സപ്ളിമെൻററി സ്റ്റേററുമെൻറിൽ പോലീസിനു കൊടുത്തിട്ടില്ലേ?

(ഈ ചോദ്യത്തെ പ്രതിവക്കീൽ എതിർക്കുകയാൽ കോടതി ചോദ്യം നിരസിക്കുകയുണ്ടായി)

ചോ— കാരണങ്ങളെക്കുറിച്ചു നിങ്ങൾ ഒരു സപ്ളിമെൻററി സ്റ്റേററുമെൻറു് പോലീസിനു കൊടുത്തിട്ടുണ്ടോ?

ഉ—പോലീസ് അങ്ങനെ ആവശ്യപ്പെട്ടു. അതിനാൽ സ്റ്റേററുമെൻറു കൊടുത്തു.

ചോ—ചോദ്യമാണോ ഉത്തരമാണോ പോലീസ് ആവശ്യപ്പെട്ടതു്,

ഉ—രണ്ടും പോലീസ് ആവശ്യപ്പെട്ടു.

ചോ— അങ്ങനെ ആവശ്യപ്പെട്ട വ്യക്തിയുടെ പേരും മേൽവിലാസമോ നൽകാമോ?

ഉ—ഇല്ല.

ചോ—"Many Reasons" എന്നു് സപ്ളിമെൻററി സ്റ്റേററുമെൻറിൽ വിവരിച്ചിട്ടുണ്ടല്ലോ. ആ കാരണങ്ങൾ നിങ്ങൾ തന്നെ ഉത്തരവാദിത്വത്തോടുകൂടി നൽകിയതോ, അതല്ല വല്ലവരും പറഞ്ഞതോ?

ഉ—അതിനു ഞാൻ ഉത്ത[illegible]വാദിയല്ല. എൻെറ മനസ്സ് പരിഭ്രമിച്ചിരുന്നതിനാൽ ഞാൻ ചെയ്തതിനെപ്പററി ഞാൻ തന്നെ ഓർക്കുന്നില്ല. സംഭവത്തിനു ഒരാഴ്ചയ്ക്കുശേഷം അനേകം ആളുകൾ പലവിധ നിർദ്ദേശങ്ങളും നൽകി. ഞാൻ നിരസിച്ചു.

ചോ—അനേകം ആളുകളിൽ നിങ്ങളുടെ പാർട്ടിയിലെ അംഗങ്ങളും ഉൾപ്പെടുന്നോ?

ഉ—ഉൾപ്പെടുന്നു.

ചോ—നിങ്ങൾ നൽകിയ ആദ്യ സ്റ്റേററുമെൻററിൽ തെററു പററിയെന്നു നിങ്ങൾക്കു മനസ്സിലായെങ്കിൽ എന്തുകൊണ്ടു ഇതുവരെ അധികൃതരെ അതേപ്പററി അറിയിച്ചില്ല?

ഉ— ഞാൻ അന്നു നൽകിയ സ്റ്റേററുമെൻറും കോടതിയിൽ ഇന്നു പറഞ്ഞതുമായി വ്യത്യാസം ഒന്നുമില്ല. ഞാൻ അന്നു

(ശേഷം മൂന്നാംപേജിൽ)

Bharath Studio
Kottayam

Bharath Studio
Kottayam

(കഴിഞ്ഞ 8-ാംനു-കാലത്തു 8 മണിക്ക് മെഃ ഗോവിന്ദമേനോൻ, ആർ. കെ. കർത്താ എന്നിവർ കോട്ടയം മുൻസിപ്പൽ സത്യഗ്രഹം ഉദ്ഘാടനം ചെയ്ത അവസരത്തിൽ എടുത്ത ഫോട്ടോകൾ, മെഃ ടി എൻ. പരമേശ്വരൻ പിള്ള, എം. ആർ ജി. പണിക്കർ, എം. ജി കൃഷ്ണൻനായർ, കെ. എൻ. കൃഷ്ണപിള്ള, എൻ. എസ്സ്. ചെല്ലപ്പൻ പിള്ള തുടങ്ങിയവരുൾപ്പെട്ട സത്യഗ്രഹികളെ ഫോട്ടോകളിൽ കാണാം. × അടയാളപ്പെടുത്തിയിരിക്കുന്നതു് മെഃ മേനോനും കർത്താവുമാണു്)

സാഹിത്യപരിഷൽ കാര്യാലയം

(കേരളാപ്രസ്)

എറണാകുളം, കുംഭം 8

എറണാകുളം ചീഫ് അഞ്ചലാഫീസിനു സമീപമുള്ള കെട്ടിടം സമസ്തകേരളസാഹിത്യ പരിഷത്തു കാര്യാലയമായി ഉപയോഗിച്ചുകൊള്ളുവാൻ ഗവർമ്മെൻറു് പരിഷത്തിനു വിട്ടുകൊടുത്തിരിക്കുന്നു. പരിഷത്തിന്റെ സ്വന്തമായി ഒരച്ചടിശാലയും സ്ഥാപിച്ചിട്ടുണ്ടു്.

ദേശീയമഹിളാസദനം

പള്ളം, കുംഭം 11

സദനത്തിന്റെ നവമവാർഷികയോഗം ബഹുഃ പ്രധാനമന്ത്രി ടി. കെ. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽ കുംഭം 15-ാംനു- ശനിയാഴ്ച വൈകിട്ടു് 5 മണിക്ക്. കൊണ്ടാടുന്നതിനു നിശ്ചയിച്ചിരിക്കുന്നു. (സ്വ-ലേ)

പൊറെറക്കാട്ട് ആഫ്റിക്കയിലേക്ക്

കോഴിക്കോട്, ഫെ: 19

മലയാളത്തിലെ പ്രശസ്ത കഥാകൃത്തായ ശ്രീ. എസ്. കെ പൊററക്കാട്ട് ആഫ്രിക്കയിലേക്ക് ഒരു ആറുമാസ പര്യടനത്തിനായി പുറപ്പെട്ടിരിക്കുന്നു. ഒരു സഞ്ചാരിയായ ഈ സാഹിത്യകാരൻ ഇന്ത്യയിലെയും സിലോണിലെയും എല്ലാം നഗരങ്ങളും സന്ദർശിച്ചിട്ടുണ്ടു്: (കേരളാപ്രസ്)

(രണ്ടാംപേജിൽനിന്നുതുടർച്ച) ത്തെ വാചകം ഇന്നു ഉപയോഗിച്ചിരിക്കുകയല്ല. പക്ഷെ വിവരണം ഒന്നായിരിക്കും.

ഇതോടുകൂടി പ്രാസിക്യൂട്ടരുടെ ക്രാസ്സുവിസ്താരം അവസാനിക്കയാൽ പ്രതിഭാഗം അഡ്വക്കേറ്റു സാക്ഷിയെ ക്രാസ്സു ചെയ്തു.

ക്രാസ്‌വിസ്താരം

(ഈ അവസരത്തിലാണ് മേൽപറഞ്ഞ പുസ്തകിയ സ്റ്റേററുമെന്റു സാക്ഷി കോടതിയിൽ നൽകിയതു്)

തുടർന്നു സാക്ഷി ഇപ്രകാരം മൊഴികൊടുത്തു.

ചോ—26-ാം തീയതി തിരുവനന്തപുരത്തുനു പുറപ്പെടുന്നതിനുമുമ്പ് നിങ്ങൾ ചായകുടിച്ചോ?

ഉ.—കുടിച്ചു.

ചോ—സെക്ഷനാഫീസറുടെ കയ്യിൽനിന്നും നിങ്ങളുടെ മുറിയുടെ താക്കോൽ വാങ്ങിച്ചോ?

ഉ—താക്കോൽ ചോദിച്ച അവസരത്തിൽ ഞാൻ ചായ കുടിക്കുകയായിരുന്നു അപ്പോൾ സാമാന്യമര്യാദയനുസരിച്ചു ചായ കുടിക്കുന്നോ എന്നു ഞാൻ ചോദിച്ചു അദ്ദേഹം കുടിച്ചു

ചോ—അപ്പോൾ ഇവിടുത്തെ ആളുകൾ കൂടുതൽ കാപ്പിയാണോ ചായയാണോ ഇഷ്ടപ്പെടുന്നതെന്നു നിങ്ങൾ ചോദിച്ചതായി ഓർക്കുന്നുണ്ടോ?

ഉ—അങ്ങനെ പറഞ്ഞതായി ഓർക്കുന്നില്ല:

ചോ—പറഞ്ഞതായി ഓർക്കുന്നുണ്ടു്. പക്ഷെ ആരാണെന്നു് ഓർക്കുന്നില്ല, ഇല്ലേ?

ഉ-ഇല്ല.

ചോ—പാലോട്ടു പോകുമ്പോൾ ബസ്സ്സ്റ്റാൻഡിലേക്ക് സെക്ഷനാഫീസറും നിങ്ങളെ അനുഗമിച്ചിരുന്നോ?

[illegible]സ്സിൽ യാത്രക്കാർ അധി[illegible] ഉണ്ടായിരിക്കുമെന്നുള്ളതിനാൽ അദ്ദേഹംകൂടി സീററു വാങ്ങിത്തരാമെന്നു പറഞ്ഞു വന്നു. ഇതു് ഈ നാട്ടിലെ എല്ലാ ഉദ്യോഗസ്ഥന്മാരും ചെയ്യുന്ന മര്യാദയാണു്. സ്റ്റേറിൽ പോയി ബസ്സു കയറാമെന്നു പറഞ്ഞു് സെക്ഷനാഫീസറും ബസ്സുവരെ വന്നു.

ചോ. ബസ്സിൽ നിന്നു് നിങ്ങൾ യാത്ര ചെയ്തിട്ടുണ്ടോ?

ഉ—ചില അവസരങ്ങളിൽ അങ്ങനെ സംഭവിച്ചിട്ടുണ്ടു്. അന്നു സ്ഥലം കിട്ടിയിരുന്നു. അന്നു [illegible] എനിക്കും ചപ്രാസിക്കും ബസ്സിൽ സ്ഥലം കണ്ടുപിടിച്ചതു്. അവിടെ മുമ്പൊരിക്കൽ ഞാൻ ബസ്സു കാത്തു നിന്നിരുന്നു. അന്നും കുറെ സമയം ബസ്സു കാത്തു ഞാൻ നിന്നു.

ചോ—മകരം 13-ാംതീയതി വൈകുന്നേരം ററി. ബിഃ യിൽ നടന്ന സംഭവം രഹസ്യമായി വയ്ക്കണമെന്നു് നിങ്ങൾ റയിഞ്ചാഫീസറോടു പറഞ്ഞോ?

ഉ—എന്തുകൊണ്ടു രഹസ്യമായി വെയ്ക്കാൻ പാടില്ല. ഈ സംഭവം രഹസ്യമായി വെയ്ക്കാത്തതു തിരുവിതാംകൂർ ഗവർമ്മെന്റിനു തന്നെ ലജ്ജാകരമായ വസ്തുതയാണു്. ഈ വസ്തുത കേന്ദ്രഗവർമ്മെൻറിനു രഹസ്യമായി റിപ്പോർട്ടു ചെയ്യേണ്ടതായിരുന്നു ഞങ്ങളുടെക്യാമ്പിൽ നടക്കുന്നകാര്യം നല്ലതായാലും ചീത്തയായാലും കേന്ദ്രഗവർമ്മെൻറിന്റെ കാര്യമാണു്. അതുകൊണ്ടു രഹസ്യമായി അവരെ അറിയിക്കേണ്ടതായിരുന്നു അതു് അങ്ങനെ ചെയ്തില്ല. അതുകൊണ്ടു് എന്റെ നീരസം കോടതിയിൽ ബോധിപ്പിക്കുന്നു. കേന്ദ്രഗവർമ്മെന്റിലെ ഉദ്യോഗസ്ഥരായ എന്റെയും ഡാഃ ചാററർജിയുടെയും അഭിമാനത്തിനു് ഈ സംഭവം ഭംഗം വരുത്തിയിട്ടുണ്ടു്. ഈ സംഭവം ശരിയായ മാർഗ്ഗങ്ങളിൽകൂടി എന്റെ ഡിപ്പാർട്ടുമെൻറിനെ അറിയിക്കാതെ തന്നെ ഇവിടെ വിപുലമായ പ്രചരണങ്ങൾ നൽകിയിട്ടുണ്ടു്.

ചോ— നിങ്ങൾ ഒരു വിരലിൽ കടിച്ചിട്ടുണ്ടെന്നു പറഞ്ഞതല്ലോ. അതു ഏതു വിരലിലായിരുന്നുവെന്നു ഓർമ്മിക്കുന്നില്ലേ?

ഉ— മോതിര വിരലാണെന്നു ഞാൻ വിചാരിക്കുന്നു.

ഞാൻ എന്റെ സാധനങ്ങൾ 26-ാംതീയതി ചാററർജിയുടെ മുറിയിലേക്കു മാററി. ആ മുറിക്കു് ഒരു താക്കോലും കിട്ടി. എന്റെ മുറിയുടെ സമീപത്തായി ഒരു കുളിമുറിയുണ്ടു്. അതിൽകൂടി വരാന്തയിലേക്കു ഒരു വാതലുണ്ടു്. എന്റെ പാർട്ടി അവിടെ ഉണ്ടായിരുന്നപ്പോൾ മദ്ധ്യഭാഗത്തെ ഹാൾ ജോലിക്കാർ ഉപയോഗിച്ചു ഞാൻ പത്തുവർഷം അമേരിക്കയിൽ ഉണ്ടായിരുന്നു.

ചോ— നിങ്ങൾ മിസ്സ് വൽസാരത്തായിയെക്കുറിച്ചു കേട്ടിട്ടുണ്ടോ?

ഉത്തരം—ഇല്ല.

ഞാൻ തിരുവനന്തപുരത്തുനിന്നു മടങ്ങിവന്നപ്പോൾ, പോലീസ് വന്നു പലരുടെയും സ്റ്റേററുമെന്റുകൾ വാങ്ങിയതായി ഡാഃ ചാററർജി എന്നോടു പറഞ്ഞു.

ഇതോടുകൂടി ക്രാസ്സ് അവസാനിച്ചു.

തുടർന്നു ഡാ. ചാററർജിയേയും (പ്രാസിക്യൂഷൻ രണ്ടാം സാക്ഷി) വിസ്തരിച്ചു് വൈകുന്നേരം 4-45 നു കോടതി പിരിഞ്ഞു. അടുത്ത വിചാരണ ഈ മാസം 17-ാംനു- ഇവിടെ വച്ചു നടക്കുന്നതാണു്:

—

രാജധാനി

(സ്വ-ലേ) കുംഭം 11

കാൺഗ്രസ്സ് പാർട്ടിയുടെ ഒരു യോഗം ലീഡർ മി. ടി. കെ. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി കുടിയിറക്കു നിരോധബില്ലിലെയും വസ്തുവൊഴിപ്പിക്കൽ നിർത്തിവെയ്ക്കൽ ബില്ലിലെയും കാലാവധി ഒരു കൊല്ലമെന്നതിനെ ആറുമാസമായി കുറയ്ക്കുവാൻ തീരുമാനിച്ചതായി അറിയുന്നു:

ഇവിടെയെത്തിയിരുന്ന മദ്രാസ് റീജിയണൽ ഫുഡ് കമ്മീഷണരും ഭക്ഷ്യവകുപ്പുമന്ത്രി മുതലായവരും നെല്ലുവില കുറയ്ക്കുന്നതിനെ സംബന്ധിച്ചും മററു ഭക്ഷ്യപ്രശ്നങ്ങളെ സംബന്ധിച്ചും ചർച്ചകൾ നടത്തിയതായി അറിയുന്നു.

വെറുമ്പാട്ടക്കുടിയാൻ ബിൽ കുടിയിറക്കു നിരോധന ബിൽ ഇവയെപ്പററി പര്യാലോചിപ്പാനായി തെരഞ്ഞെടുക്കപ്പെട്ട കമ്മററികൾ അററോർണി ജനറൽ മി. കെ. ഏ. ഗംഗാധരമേനോന്റെ അദ്ധ്യക്ഷതയിൽ കൂടി ചില നിർദ്ദേശങ്ങൾ രൂപവൽക്കരിച്ചിരിക്കുന്നു.

അഗസ്തീശ്വരം താലൂക്കിൽ ഗണപതിപുരം എന്ന സ്ഥലത്തു് മകരം 27-ാംനു- മുതൽ ഒരു ഗവർമ്മെൻറു് ഡിസ്പെൻസറി തുടർന്നു് പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

ലാകാളേജിൽ വെച്ചു് ഇന്നലെ ബാർകൌൺസിൽ പരീക്ഷ ആരംഭിച്ചിരിക്കുന്നു.

ഫിനാൻഷ്യൽ സിക്രട്ടറിയേററ് സൂപ്രണ്ടായ മി. ഏ. നാരായണൻ ടൈഫോയ്ഡ് മൂലം ശനിയാഴ്ച ചരമഗതിയടഞ്ഞിരിക്കുന്നു.

എക്സൈസ് ഡിപ്പാർട്ടുമെൻറു് പ്രിവൻറീവ് ആഫീസർമാരുടെയും ഗാർഡന്മാരുടെയും പരീക്ഷ മീനം 16-ാം തീയതി ആരംഭിക്കുന്നതാണു്. ആലുവാ ഫാക്ററു് കമ്പനിയിലെ തൊഴിൽ തർക്കത്തെപ്പററി ചർച്ച ചെയ്യുവാനായി ഫെബ്രുവരി 27-ാംനു- നടത്തുന്ന ത്രികക്ഷി സമ്മേളനം ലേബർ മന്ത്രിയുടെ ഔദ്യോഗിക വസതിയായ കൻറോൺമെൻറു് ഹൌസിൽ വെച്ചായിരിക്കും നടക്കുന്നതു്.

വിദ്യാർത്ഥികളുടെ പണിമുടക്കുമൂലം അടച്ചിരുന്ന ഗവർമ്മെൻറു് ആയുർവേദകോളേജ് ഇന്നലെ തുറന്നു് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ബഹുഭൂരിഭാഗം വിദ്യാർത്ഥികളും കാളേജിൽ ഹാജരായിരുന്നു. മീനം 15-ാംനു- നടത്തുന്നതിനു നിശ്ചയിച്ചിരുന്ന പരീക്ഷകൾ മേടം 6-ാംനു- നടത്തുന്നതാണു്.

ഒളിവിൽ നടന്നിരുന്ന രണ്ടു പോക്കററടിക്കാരെ കൊല്ലത്തിനും കുണ്ടറയ്ക്കും മദ്ധ്യേ ട്രയിനിൽവെച്ചു് പോക്കററടിച്ചസമയം റെയിൽവേ പോലീസ് അറസ്റ്റു ചെയ്തിരിക്കുന്നു.

തിരുവിതാംകൂർ ഷോർട്ടുഹാൻറു് റൈട്ടേഴ്സ് അസോസ്യേഷന്റെ ഏഴാമത്തു് വാർഷികപൊതുയോഗം ലാകാളേജ്ഹാളിൽവെച്ചു് ഞായറാഴ്ച കൂടി. മിഃ പി. ബാലകൃഷ്ണൻ തമ്പി എം. എൽ. ഏ.യെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു.

മോഡേൺ പ്രസ്സിൽനിന്നും 4 തൊഴിലാളികളെ പിരിച്ചുവിട്ടതിനെത്തുടർന്നു് പ്രസ്സിലെ തൊഴിലാളികൾ പണിമുടക്കിയതായറിയുന്നു:

10-7-124-ലെ മലയാളരാജ്യത്തിൽ, പുളിമൂട്ടിലുള്ള കാൺഃ ആഫീസിൽ വെച്ചു് തിരുവനന്തപുരം താലൂക്കു കോൺഗ്രസ്സു കമ്മിററിയുടെ തീരുമാനമനുസരിച്ചു് തിരുവനന്തപുരം റവന്യൂ ഡിവിഷൻ കോൺഃ പ്രവർത്തകരുടെ ഒരു യോഗം മി. ഏ. അച്യുതന്റെ അദ്ധ്യക്ഷതയിൽ കൂടി തിരുവിതാംകൂർ മദ്രാസ് പ്രവിശ്യയിൽ ലയിക്കണമെന്ന ഒരു പ്രമേയം അംഗീകരിക്കുകയും പ്രസ്തുതപ്രമേയം നടപ്പിൽ വരുത്തുന്നതിനനുകൂലമായ പൊതുജനാഭിപ്രായം രൂപവൽക്കരിക്കാൻ ഒരു കമ്മററിയെ സംയോജിപ്പിക്കയും ചെയ്തതായി കൊടുത്തിട്ടുള്ള റിപ്പോർട്ടു് അനധികൃതമാണെന്നു കാണിച്ചുകൊണ്ടു് തിരുവിതാംകൂർ ഡിഃ കോം. പ്രസിഡണ്ടു് മി. സി. കേശവൻ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

ജെയിലിൽ നിരാഹാരസത്യഗ്രഹം

അലുവാ, കുംഭം 10

പ്രതിദിനം രണ്ടു നേരം ആഹാരവും വർത്തമാനപ്പത്രങ്ങളും ലഭിക്കണമെന്നുള്ള അപേക്ഷ അനുവദിക്കപ്പെടായ്കയാലാണെന്നു പറയപ്പെടുന്നു, ഫാക്ററ് അസോസ്യേഷൻ സിക്രട്ടറി മി. അപ്പുക്കുട്ടൻ നായർ ഇന്നു മുതൽ ജെയിലിൽ നിരാഹാര സത്യഗ്രഹമാരംഭിച്ചിരിക്കുന്നതു്.

കഷണ്ടിയ്ക്കു മരുന്ന്

അമേരിക്കൻ ഡാക്ടരുടെ കണ്ടുപിടുത്തം

ചെറിയൊരു ശസ്ത്രക്രിയകൊണ്ടും ഒരു പ്രത്യേകവിധത്തിലുള്ള ഉപനാഹംകൊണ്ടും, ആവി ഉപയോഗിച്ചുള്ള ഒരു ചികിത്സാവിധികൊണ്ടും ഏതു കഷണ്ടിത്തലയിലും പുതിയ രോമങ്ങൾ മുളപ്പിക്കാമെന്നു് ഒരു അമേരിക്കൻ ഡാക്ടർ കണ്ടുപിടിച്ചിരിക്കുന്നു. പുതിയ കൺപോളരോമങ്ങൾ നിർമ്മിയ്ക്കുവാനും പ്രസ്തുത കണ്ടുപിടുത്തം ഉപകരിക്കപ്പെടുമെന്നാണറിയുന്നതു്.

പരസ്യം

പ്രതിസമൻ

പറവൂർ മുൻസിഫ് കോർട്ടിൽ 1123-ൽ സിവിൽനമ്പർ 602

വാദി:— പുത്തൻവേലിക്കര പകുതി പുത്തൻവേലിക്കരയിൽ മാടശ്ശേരി പിഷാരത്തു് ഗോവിന്ദൻ ഗോവിന്ദപിഷാരടി·

പ്രതികൾ:— (1) പുത്തൻവേലിക്കര പകുതി എളന്തിക്കരയിൽ പാറക്കാട്ടു താമസിക്കും ഒറവന്തുരുത്തി കുമാരന്റെ ഭാര്യയും തറേപറമ്പിൽ അയ്യപ്പന്റെ മകളുമായ കോത. (2) ടി മുറിയിൽ പാറേക്കാട്ടുതാമസിക്കും ഒറവന്തുരുത്തി കണ്ണുകുമാരൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ പ്രതികൾക്കുള്ള സമൻസുകൾ അവർ കയ്പററാതെ മനഃപൂർവ്വം മടക്കിവരുന്നതിനാൽ ടിയാന്മാർക്കുള്ള സമൻ പത്രത്തിൽ പരസ്യം ചെയ്യണമെന്നും മററും വാദി ബോധിപ്പിച്ച ഹർജി അനുവദിച്ചു് മേൽ നമ്പർ കേസ് 1124 മീനമാസം 11-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതും, അന്നേദിവസം പകൽ 11 മണിക്ക് കക്ഷികളോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളാത്തപക്ഷം കക്ഷികളെ കൂടാതെ മേൽ നമ്പർ കേസ് തീർച്ച ചെയ്യപ്പെടുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
1124 കുംഭമാസം 7-ാംനു-
പറവൂർ.

മാന്നാനം.— മാന്നാനം ഭഗവതി ക്ഷേത്രത്തിൽ കഴിഞ്ഞ രണ്ടുകൊല്ലങ്ങളായി നടത്തിവരാറുള്ള കുംഭകുട മഹോത്സവം ഇക്കൊല്ലവും കൊണ്ടാടിയിരിക്കുന്നു. ഇതിനോടനുബന്ധിച്ചു് ശ്രീ: ധർമ്മാനന്ദസ്വാമികളുടെ അദ്ധ്യക്ഷതയിൽ ഒരു ഹൈന്ദവ സമ്മേളനം നടന്നു. മെഃ ഗോപാലൻതന്ത്രി ജി പി പിള്ള എന്നിവർ പ്രസംഗിച്ചു.

ഭാർഗ്ഗവക്ഷേത്രത്തിലെ ജനങ്ങളുടെ ശരീരരക്ഷാഭാരം ശ്രീ ഭാർഗ്ഗവൻ അഷ്ടവൈദ്യന്മാരെ ഏൽപ്പിച്ചപ്പോൾ ഉപദേശിച്ചതെന്നു വിശ്വസിക്കുന്നതും അനുഭവസിദ്ധവും ഒളശ്ശ ചിറട്ടമൺ ഇല്ലത്തെ ഗ്രന്ഥപ്പുരയിൽ നിന്നും കണ്ടുകിട്ടിയതുമായ

ഭാർഗ്ഗവരസായനം

ചുമ, ശ്വാസംമുട്ടൽ, രക്തപിത്തം, ക്ഷയം, അർശസ്സ്, വിളർച്ച, വാതരോഗങ്ങൾ, വാതരക്തം, എദോഗം, രക്തസമ്മർദ്ദം, മൂത്രദോഷം, ശുക്ലദോഷം, ഛർദ്ദി, ഉരക്ഷതം, സ്വപ്നസ്ഖലനം മുതലായ രോഗങ്ങളെ നിശ്ശേഷം നശിപ്പിക്കുവാൻ-യൗവനത്തെ നിലനിറുത്തുവാൻ അരോഗദൃഢഗാത്രരായി ജീവിക്കുവാൻ-സ്ത്രീകൾക്കു പ്രസവാനന്തരം ആരോഗ്യസംവർദ്ധനത്തിനു ഏക സിദ്ധൗഷധം ഭാർഗ്ഗവരസായനമത്രെ. പഥ്യം യാതൊന്നും വേണ്ട. ഓരോ രൂപാത്തൂക്കം കാലത്തും വൈകിട്ടും ഭക്ഷണത്തിനു് ഒരു മണിക്കൂർ മുമ്പായി സേവിക്കുക.

വില റാത്തൽ 1-നു് 5 രൂപാ മാത്രം.
വി· പി ചാർജ്ജും പാക്കിംഗ് ചെലവും പുറമെ.
മാനേജർ, വൈദ്യൻ കെ. നാരായണപിള്ള
ഒളശ്ശ ധന്വന്തരി വിലാസം വൈദ്യശാല
ഒളശ്ശ A. O. കോട്ടയം
ബ്രാഞ്ചുകൾ:- കോട്ടയം ടൌൺ, ആലപ്പുഴ, കൊല്ലം:

വസ്ത്രശുദ്ധിക്കുത്തമമായ പ്രസിദ്ധിയുള്ള
ധോബി
സോപ്പിന്റെ തിരുവിതാംകൂർ വിതരണം ഞങ്ങൾ ഏറെറടുത്തിരിക്കുന്നു.
ന്യൂ ഏജൻസീസ്, എറണാകുളം.

സ്റ്റേററ് ട്രാൻസ്‌പോർട്ട് ഡിപ്പാർട്ടുമെൻറു് പരസ്യം

ഈ ഡിപ്പാർട്ടുമെൻറുവക തിരുവനന്തപുരം ചാക്ക റബർ ഫാക്ടറി കാമ്പൗണ്ടിലും, ലേബർക്യാമ്പ് കാമ്പൗണ്ടിലും കിടക്കുന്ന ഉപയോഗശൂന്യമായ മോട്ടോർ സാധനങ്ങൾ, ഇരുമ്പുതകിടുകൾ, പാളങ്ങൾ, പഴയ സ്പ്രിംഗ്പ്ലേററുകൾ, പഴയ ലോറിബോഡികൾ മുതലായ സാധനങ്ങൾ യഥാക്രമം ഈ മാസം 17-ാംതീയതിയും 20-ാംതീയതിയും പകൽ നാലുമണിക്ക് പരസ്യമായി ലേലം ചെയ്യുന്നതാണെന്നുള്ള വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു: ലേലത്തിൽ ഭാഗഭാക്കാകണമെന്നാഗ്രഹിക്കുന്നവർ ലേലദിവസം പകൽ പത്തു മണിക്കുമേൽ ഒരുമണിക്കകം ഈ ആഫീസിൽ നൂറു ബ്രി. രൂപാ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണു്. ലേലത്തിൽ പിടിച്ച സാധനങ്ങൾ നിരതദ്രവ്യം കഴിച്ചു ബാക്കി അടയ്ക്കേണ്ടതായ തുക മുഴുവൻ അടച്ചു് അപ്പോൾതന്നെയോ, 24 മണിക്കൂറിനകമോ മാററിക്കൊള്ളേണ്ടതാണു്: അപ്രകാരം ചെയ്യാതിരുന്നാൽ വീണ്ടും ലേലം ചെയ്യുന്നതും അതിൽവച്ചു് ഡിപ്പാർട്ടുമെൻറിനു് ഉണ്ടാകുന്ന സകല നഷ്ടങ്ങൾക്കും മുൻ ലേലക്കാരൻ ഉത്തരവാദി ആകുന്നതും ആണു്.

എം. വേലുപ്പിള്ള, ഡയറക്ടർ.

സ്റ്റേററ് ട്രാൻസ്പോർട്ട് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, 6-7-1124

ദന്തചൂർണ്ണം (Regd)
പല്ലുവേദന, പല്ലിളക്കം, മോണപഴുപ്പ്, വായ്നാററം മുതലായ രോഗങ്ങളെ പരിഹരിക്കുന്നതിനും പതിവായി പല്ലു തേക്കുന്നതിനും വിശേഷം. രണ്ടു മാസത്തേയ്ക്കു് 1 രൂ.
വൈദ്യകലാനിധി പി. എൻ. പിള്ള. സർക്കാർ ആയുർവ്വേദവൈദ്യശാല, പൊൻകുന്നം.

A WORLD ATTRACTION
Appreciated by famous personalities is
KALANIDHI
having a good reputation and wide Circulation in the World
Apply for Adv; Rates to:-
Kalanidhi, Trivandrum.
Phone No. 554

THE DESABANDHU

വരിസംഖ്യ

(എപ്പോഴും മുൻകൂർ)

	രൂ.	ണ.	സ.
ഏജൻസിവഴി	1	12	0
തപാലിൽ	2	0	0
അഞ്ചലിൽ	1	14	0

ഒററപ്രതി 2ചക്രം

പരസ്യം

നോട്ടീസ്

കോട്ടയം ജില്ലാക്കോർട്ടിൽ
1123-ൽ പാപ്പർനമ്പർ 10

വാദി:—കോട്ടയം കോടിമത കരയിൽ പാട്ടാളിൽ താമസം കാരിക്കാമററം വീട്ടിൽ കൊച്ചു പാറു സരസമ്മ.

പ്രതി:—26 വിജയപുരംപകുതി നട്ടാശേരി കരയിൽ ചിറയിൽ താമസം ശങ്കരൻ സുകുമാരൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽ 26-ാംപ്രതിക്കു് അയച്ച നോട്ടീസ് മടങ്ങി വന്നിരിക്കുന്നതും വീണ്ടും 124-ാമാണ്ടു് കുംഭമാസം 17-ാംതീയതി വിചാരണ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ ടി വ്യവഹാരത്തെപ്പററി 26-ാംപ്രതിക്കു വല്ല തർക്കവും ഉള്ള പക്ഷം വിചാരണദിവസം പകൽ 11 മണിക്കു് ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട അഡ്വൊക്കേററോ ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും, അല്ലാത്തപക്ഷം ടി പ്രതിയെ കൂടാതെ വ്യവഹാരകാര്യം തീർച്ച ചെയ്യുന്നതുമാകുന്നു.

124 കുംഭമാസം 10-ാംതീയതി
ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

പരസ്യം

നോട്ടീസ്

കോട്ടയം ജില്ലാക്കോർട്ടിൽ
123-ൽ അപ്പീൽ 369

അപ്പീൽ വാദികൾ—കിടങ്ങൂർ പകുതിയിൽ ടി കരയിൽ ചെട്ടിഇല്ലത്തിൽനിന്നും ടി പകുതിയിൽ പിറയാറു കരയിൽ കീഴ്പ്പള്ളിക്കാട്ടു പാർക്കും കൊച്ചുകുട്ടിഅമ്മ ജാനകിഅമ്മ മുതൽപേർ.

അപ്പീൽപ്രതി:—കിടങ്ങൂർ പകുതി പിറയാറു കരയിൽ കൈക്കോളായിൽ ആയ കീഴ്പ്പള്ളിക്കാട്ടുനിന്നും കിടങ്ങൂർപകുതി പുന്നത്തുറ കരയിൽ മണക്കാട്ടുപാർക്കും നാരായണൻനായർ ശങ്കരൻനായർ

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽ പ്രതിക്കയച്ച നോട്ടീസ് മടങ്ങി വന്നിരിക്കുന്നതും വീണ്ടും 1124-ാമാണ്ടു് കുംഭമാസം 22-ാംതീയതി വിചാരണ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ ടി അപ്പീൽ സംഗതിയെപ്പററി പ്രതിക്കു വല്ല തർക്കവും ഉള്ളപക്ഷം വിചാരണദിവസം പകൽ 11 മണിക്കു് ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട അഡ്വൊക്കേററോ ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെ കൂടാതെ കേസ് തീർച്ച ചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
124-ാമാണ്ടു് കുംഭമാസം
10-ാംതീയതി.

കഥ
(മാസിക)
ഒന്നും രണ്ടും ലക്കങ്ങൾ
തകഴി, കേശവദേവ്, കുട്ടികൃഷ്ണൻ, പോഞ്ഞിക്കര റാഫി, പൊററക്കാട്ട്, കൃഷ്ണവാര്യർ, കാരൂർ, പൊൻകുന്നം വർക്കി തുടങ്ങിയവരുടെ ഇരുപതു കഥകൾ — അതി മനോഹരമായ കവർ ചിത്രങ്ങളും—രണ്ടിനും കൂടി ഒരു രൂപാ— ഓരോന്നും 100 പേജുകൾ—
വി.പി.-യായി ആവശ്യപ്പെടുക (രണ്ടുപ്രതികളിൽ കുറഞ്ഞു വി.പി. അയക്കുകയില്ല) ഒററപ്രതിക്കു 15 ചക്രം സ്റ്റാമ്പയക്കണം. ഏജൻറന്മാർക്കു 25 ശതമാനം കമ്മീഷൻ നൽകും.
നാഷനൽ ബുക്കസ്റ്റാൾ
ക, ബസ്സാർ, കോട്ടയം

മിസ്സ് ശാമുവേൽപ്രശ്നം

അന്നത്തെ മന്ത്രി മി. കേശവൻെറപക്കൽഫയൽ ഇല്ലാതിരുന്നതുകൊണ്ടു് അന്നു് നിയമനം നടന്നു പോയതാണെന്നു് മന്ത്രി മി. മാധവൻ

(സ്വ. ലേ)

തിരു: കുംഭം 11

ഇന്നത്തെ അസംബ്ലിയോഗത്തിൽ താഴെ പറയുന്ന ചോദ്യോത്തരങ്ങൾ നടക്കുകയുണ്ടായി.

മി. പി. എസ്. നടരാജപിള്ള—സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രികളുടെ ഇൻസ്പെക്ട്രസ്സ് ജനറൽ എന്നൊരു പുതിയ ഉദ്യോഗം സൃഷ്ടിക്കുന്നതിനു് കാരണമെന്തു്?

ഡാ: മാധവൻ—സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രികൾ പുനഃസംഘടിപ്പിക്കുന്നതിനു് ഗവ: നു് വേണ്ട ഉപദേശം നൽകുകയും സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രികളുടേയും നഴ്സിംഗ് മിഡ്വൈഫറിക്ലാസ്സുകളുടേയും മേൽനോട്ടം വഹിക്കുകയും ചെയ്യുകയാണു് ആ ഉദ്യോഗത്തിൻെറ ഉദ്ദേശ്യം.

മി. പി. എസ്—തിരുവിതാംകൂറിൽ സ്ത്രീകളുടെ മെഡിക്കൽ സർവീസിനു് ഒരു പ്രത്യേകം കേഡറുണ്ടോ?

മന്ത്രി—ഇല്ല.

ചോ—ഇപ്പോഴത്തെ ഇൻസ്പെക്ട്രസ്സ് ജനറലിനു് എന്തു ശമ്പളമുണ്ടു്.

മന്ത്രി—850 രൂപാ.

ഡാ. മിസ്സ് സാമുവലിനു് സർജൻജനറലുദ്യോഗം വഹിക്കുന്നതിനു വേണ്ട കാര്യക്ഷമതയില്ലായ്കയാലാണു് അവരെ സ്ഥിരപ്പെടുത്താഞ്ഞതെന്നും സർജൻജനറലിൻെറയും ഇൻസ്പെക്ട്രസ്സ് ജനറലിൻെറയും ഉദ്യോഗങ്ങൾ പരസ്പരം സ്വതന്ത്രമല്ലെന്നും ശ്രീ. പട്ടത്തിനു്, മന്ത്രി മറുപടി നൽകി.

തൈക്കാട്ടും കൊല്ലത്തുമുള്ള സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രികളും ഇപ്പോൾ പണിതീർന്നുവരുന്ന അവിട്ടംതിരുനാൾ ആശുപത്രിയും നഴ്സിംഗ്, മിഡ്വൈഫ് ക്ലാസ്സുകളും ഇൻ. ജനറലിൻെറ കീഴിലായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

മി. പി. ററി. ചാക്കോ—മിസ്സിസ് ലൂക്കാസും ഡാ: കെ. പി. രാമൻപിള്ളയും പെൻഷൻപററിയ അവസരങ്ങളിൽ മിസ്സ് സാമുവലിൻെറ സീനിയോറിട്ടി അവഗണിച്ചല്ലയോ നിയമനം നടത്തിയതു്?

മന്ത്രി—അതെ.

മി. ചാക്കോ—അതിനു കാരണമൊന്നുമില്ലേ.

മന്ത്രി—ഉണ്ടു്.

മി. ശങ്കുണ്ണിപ്പിള്ള—സർ സി. പി. യല്ലേ അന്നു് അങ്ങിനെ നിയമിച്ചതു്.

മന്ത്രി—അതെ.

പി. ററി: ചാക്കോ—മിസ്സ് സാമുവൽ സർജൻജനറലുദ്യോഗത്തിനു് അർഹയല്ലാത്ത വിധത്തിൽ റെക്കാർഡുകളില്ലേ.

മന്ത്രി—ഉണ്ടു്.

മി. ശങ്കുണ്ണിപ്പിള്ള-ഇത്ര സുഖമായി ഇക്കാര്യങ്ങൾ പറയുവാൻ ഈ മെമ്പർക്കു് എവിടെനിന്നും റെക്കാർഡുകൾ കിട്ടി.

പ്രസി—അതിനുത്തരം പറയേണ്ട ആവശ്യമില്ല.

മി. പി. ററി. ചാക്കോ—അങ്ങിനെ റെക്കാർഡുകളുണ്ടായിരുന്നിട്ടും അവരെ എന്തിനാണു് സർജൻ ജനറലായി നിയമിച്ചതു്.

മന്ത്രി—അന്നു് ആ വകുപ്പു് വഹിച്ചിരുന്ന മന്ത്രിയുടെ പക്കൽ അതു സംബന്ധിച്ചുള്ള ഫയലുകൾ ഇല്ലായിരുന്നു.

ചോ അന്നു് മെഡിക്കൽ വകുപ്പുമന്ത്രി ആരായിരുന്നു

ഡാ: മാധവൻ—മി. സി. കേശവൻ.

മി. നേശമണി—മിസ്സ് സാമുവൽ തമിഴരായതുകൊണ്ടല്ലേ അവരെ മാററിയതു്.

മന്ത്രി—അല്ല.

മി. നേശമണി—ഇപ്പോൾ സർജൻജനറലും ഇൻസ്പെക്ട്രസ്സ് ജനറലും സിറിയൻ ക്രിസ്ത്യാനികളല്ലേ.

മന്ത്രി—അതേ.

മെഡിക്കൽ വകുപ്പു മന്ത്രിക്കു് ബോദ്ധ്യം വരത്തക്കവിധത്തിൽ കാര്യക്ഷമത ഉണ്ടായിരിക്കണം എന്നതാണു് കാര്യക്ഷമതാമാനദണ്ഡമെന്നു മന്ത്രി മി: ജോസിനുത്തരം നൽകി:

ചോദ്യം—അവരെ മാററുന്നതിനു് പ്രത്യേകകാരണം വല്ലതുമുണ്ടോ?

മന്ത്രി—ഉണ്ടു്.

ചോ—അതെന്താണെന്നു പറയാമോ?

മന്ത്രി—അതുസംബന്ധിച്ചുള്ള ഫയലുകൾ എൻെറ കൈവശമുണ്ടു്. അവയെല്ലാം വേണമെങ്കിൽ വായിക്കാം:

മി, ജോസ്—അവരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ?

മന്ത്രി— കാര്യക്ഷമതക്കുറവിനു് വിശദീകരണം ആവശ്യപ്പെടണമെന്നില്ല.

മി. വി. ഗംഗാധരൻനായർ—കാര്യക്ഷമതയില്ലാത്ത ആളിനെ എന്തിനാണു് ഇൻസ്പെക്ട്രസ് ജനറലായി നിയമിച്ചതു്.

മന്ത്രി— കുഞ്ഞുങ്ങളുടേയും സ്ത്രീകളുടേയും ആശുപത്രികളുടേയും മിഡ്വൈഫറിയും നഴ്സിംഗ് ക്ലാസ്സുകളുടേയും മേൽനോട്ടം വഹിക്കുന്നതിനും അതുപോലുള്ള മററുചില്ലറജോലികൾക്കും വേണ്ട കാര്യക്ഷമത അവർക്കുണ്ടു്.

മന്നാർ ഗോപാലൻനായർ—കാര്യക്ഷമതയില്ലാത്ത മേലുദ്യോഗസ്ഥന്മാരുള്ള മററു ഡിപ്പാർട്ടുമെൻറുകളും ഇതുപോലെ വിഭജിക്കുമോ?

പ്രസി:—ആ ചോദ്യം ഉദിക്കുന്നില്ല.

തിരു. സ്റ്റേററ് മുസ്ലീംലീഗ്

30 യൂണിയനധികൃതരുടെ സംയുക്തപ്രസ്താവന

മുസ്ലീംലീഗിൻെറ അനിഷേധ്യ സംഘടനയായ മുസ്ലീംലീഗിനെ ദുർബലപ്പെടുത്താനുദ്ദേശിച്ചിട്ടുള്ള കോട്ടയം കൺവൻഷനെ മുസ്ലീംസമുദായം നിസ്സഹകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് 51-ൽ 30 യൂണിയൻ പ്രസിഡണ്ടന്മാരും സിക്രട്ടറിമാരും ചേർന്നു ഒരഭ്യർത്ഥന പുറപ്പെടുവിച്ചിരിക്കുന്നു:

മിലിററി
പാചകനിധി
By ബട്ട്ലർ പാറൻ.
30 വർഷം യൂറോപ്യന്മാരുടെ കീഴിൽ പാചകം സംബന്ധിച്ച പരിചയം സിദ്ധിച്ചിട്ടുള്ള ഗ്രന്ഥകാരൻ 25 മത്സ്യക്കറികൾ, 21 മാംസക്കറി, 15 മുട്ടക്കറി, 12 സൂപ്പ്, 13 കട്ട്ലററ്, 10 സ്റ്റൂ, 7 റോസ്റ്റ്, 6 നെയ്ചോറ്, 5 പുലാവുചോറ്, 6 ഇറച്ചിസ്റ്റഫ്, 5 ചപ്പാത്തി, 16 പച്ചക്കറി, പലതരം കേക്ക്, ബിസ്കററ്, ഹൽവാ, പുഡിംഗ് മുതലായി 200-ൽപരം പാചകവിധികൾ വിവരിക്കുന്ന വിശിഷ്ടഗ്രന്ഥം.വില 1 1/2ക.
മലബാർ ബുക്ക്ഹൗസ്
ആലുവാ S M.

ദമ്പതികളുടെ
ചുംബനരഹസ്യം
ദാമ്പത്യജീവിതത്തിലെ ബാഹ്യലീലാവിധങ്ങൾ ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിനു വില രൂപാ: 1. ണ 8.
To
വിദ്യാരംഭംപ്രസ്സ്,
ആലപ്പുഴ.

വിളവങ്കോട്ടതാലൂക്കിൽ ആകെ 8476 ഏക്കർ നെൽപാടങ്ങളുണ്ടെന്നും പ്രതിവർഷം ഉദ്ദേശം ആറരലക്ഷം പറ നെല്ലു് അവിടെ വിളയുന്നുണ്ടെന്നും ഒരു ചോദ്യത്തിനു് മി. മർക്കോസ് മറുപടി നൽകി:

മി. കെ. പി. നീലകണ്ഠപ്പിള്ള—അവിടെ മൂന്നു പകുതികളിൽ ഇപ്പോൾ കരിവാണെന്നറിയാമോ?

മന്ത്രി—അറിഞ്ഞുകൂടാ.

കെ. പി—കരിവാണെന്നു കാണിച്ചു് നിവേദനം ഒന്നും ലഭിച്ചിട്ടില്ലേ.

മന്ത്രി-ഉണ്ടു്.

കെ. പി.—അതിനെപ്പററി അന്വേഷണം നടത്തിയോ?

മന്ത്രി—ഇല്ല.

ശ്രീ: കെ. പി—അന്വേഷണം നടത്താഞ്ഞതു് വളരെ കഷ്ടമല്ലേ?

പ്രസി—ഞാൻ ആ ചോദ്യം അനുവദിക്കുന്നില്ല.

മി. പി. എസ്. മഹമ്മദ്—123 മകരം മുതൽ ഒരു വർഷത്തിനകം മുസ്ലീം പള്ളികൾ വയ്ക്കുവാനുള്ള എത്ര അപേക്ഷകൾ തിരസ്കരിച്ചിട്ടുണ്ടു്.

പ്ര. മന്ത്രി—ആറു്.

ചോ—അതിൻ കാരണമെന്തു്?

പ്ര. മ—നിയമമനുസരിച്ചു് ഒരു മതത്തിൽപെട്ട 100-കുടുംബമെങ്കിലും താമസിക്കുന്ന ഒരു സ്ഥലത്തു മാത്രമേ ആ മതക്കാരുടെ ആരാധനസ്ഥലം അനുവദിക്കാവൂ എന്നുണ്ടു്. മേൽപ്പറഞ്ഞ 6 സ്ഥലങ്ങളും 20—ം 25—ം കുടുംബങ്ങൾ മാത്രം താമസിക്കുന്നവയാണു്.

മി: എം. ഗോവിന്ദൻ—ഈ കാലഘട്ടത്തിൽ എത്ര ദേവാലയങ്ങൾക്കു് അനുവാദം നൽകിയിട്ടുണ്ടെന്നു പറയാമോ?

പ്രധാനമന്ത്രി— അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ചോ—മുൻപറഞ്ഞ നിയമം ഭേദഗതിചെയ്യുവാൻ ഗവ: ഉദ്ദേശിക്കുന്നുണ്ടോ?

പ്രധാനമന്ത്രി—ഉണ്ടു്.

മി: പി. എസ്. മഹമ്മദ്—ഗവ: സർവീസിൽ എത്ര മുസ്ലീം ബിരുദധാരിണികൾ ഉണ്ടു്?

പ്രധാനമന്ത്രി—രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഒരു ക്ലാർക്കും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ രണ്ടദ്ധ്യാപികമാരുമുണ്ടു്.

ചേർത്തലതാലൂക്കിൽ കൊക്കോതമംഗലത്തു് ഒരു ഗവ: സ്കൂൾ ഉൽഘാടനാവസരത്തിൽ പ്രസ്തുത സ്കൂൾ ഹെഡ്മാസ്റ്റർ എല്ലാം വിദ്യാർത്ഥികളും ശ്രീകൃഷ്ണൻെറ വിഗ്രഹംവച്ചു് പൂജിക്കണമെന്നാവശ്യപ്പെട്ടുവെന്നു് പരാതി ലഭിച്ചുവെന്നും അതേപ്പററി അന്വേഷണം നടത്തിയതിൽ ആരോപണം ശരിയല്ലെന്നു് അസി: ഇൻസ്പെക്ടറും ഡിവിഷണൽ ഇൻസ്പെക്ടറും റിപ്പോർട്ടുചെയ്തിട്ടുണ്ടെന്നും മി: ഇപ്പൻ അറയ്ക്കലിൻെറ ഒരു ചോദ്യത്തിനുത്തരമായി മി. കുഞ്ഞുരാമൻ പ്രസ്താവിച്ചു.

മി: കെ. പി—അഞ്ചൽ പോസ്റ്റൽ ഡിപ്പാർട്ടുമെൻറിൽ ലയിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?

മന്ത്രി-ഇല്ല. അഞ്ചൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു് ചില വിവരങ്ങൾ ഇന്ത്യാഗവർമ്മെൻറു് ചോദിച്ചിട്ടുള്ളതു മാത്രമേയുള്ളു.

മി. എസ്: കട്ടൻ:—ഇപ്പോഴത്തെ ട്രാൻസ്പോർട്ടു ഡയറക്ടർക്കു് രണ്ടു കൊല്ലത്തിനു മുമ്പു് എന്തു ശമ്പളമുണ്ടായിരുന്നു.

മി. ഇലങ്കത്തു്:—305 രൂപാ ശമ്പളവും 75 രൂപാ വാർ അലവൻസുമുണ്ടായിരുന്നു.

ചോ—ഇപ്പോൾ എന്തു ശമ്പളമുണ്ടു്?

മന്ത്രി—450 രൂപാശമ്പളവും 67 രൂപാ വാർ അലവൻസും ഒന്നാംക്ലാസ്സുദ്യോഗസ്ഥൻെറ സഞ്ചാരപ്പടിയുമുണ്ടു്.

മി. കട്ടൻെറ മറെറാരു ചോദ്യത്തിനുത്തരമായി. 122-ൽ 79000-ൽ ചില്വാനം രൂപാ കൊടുത്തു് 12 ആസ്റ്റിൻ ബസ്സുകൾ വാങ്ങിയിരുന്നുവെന്നും അതിൽ ഏഴെണ്ണം ഇപ്പോഴും ഓടുന്നുണ്ടെന്നും അഞ്ചെണ്ണം സ്പെയർ പാർട്ടുകൾ കിട്ടുവാനുള്ള വിഷമംകൊണ്ടു് നന്നാക്കാതെ കിടക്കുകയാണെന്നും മന്ത്രി മി. ഇലങ്കത്തു് പ്രസ്താവിച്ചു.

മി. കെ: രാമചന്ദ്രൻ:—ഐ. എൻ. എ. സെൻട്രൽ റിലീഫ് കമ്മിററിയിൽ നിന്നും തിരുവിതാംകൂറിലെ ഐ. എൻ. എ. കാരുടെ പുനരധിവാസത്തിനായി എന്തു തുക കിട്ടിയിട്ടുണ്ടു്

മന്ത്രി:—ഒന്നും കിട്ടിയിട്ടില്ല.

മി. രാമചന്ദ്രൻ:—അവരുടെ സഹായാർത്ഥം ഗവ. എന്തു് നടപടി കൈക്കൊണ്ടിട്ടുണ്ടു്?

മന്ത്രി:—ഐ. എൻ. എ. ക്കാരെ എക്സ്സർവീസ്മെന്നിൻെറ കൂട്ടത്തിൽ ഉൾപ്പെടുത്തി എക്സ് സർവീസ്മെന്നിനുള്ള സൗജന്യങ്ങൾ നൽകുന്നുണ്ടു്.

ഡിപ്പാർട്ടുമെൻറിലുള്ള മെട്രിക്കുലേഷനും ഇ. എസ്. എൽ. സി. യും സർട്ടിഫിക്കററു ധാരികളായ അദ്ധ്യാപകന്മാരുടെ ശമ്പളവും ഗ്രേഡും വർദ്ധിപ്പിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടെന്നും അവരെ എം: എച്ചു്. വി. എച്ചു്. സർട്ടിഫിക്കററുകാർക്കു തുല്യമായി ഗണിക്കുന്ന രീതി ഭേദപ്പെടുത്തുവാൻ ശ്രമിക്കുന്നതാണെന്നും വിദ്യാ: മന്ത്രി, മി. കെ: എസ്. ജോസഫിൻെറ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു.

മി. കെ. എസ്. ജോസഫിൻെറ മറെറാരു ചോദ്യത്തിനുത്തരമായി കാർപ്പറേററ്മാനേജുമെൻറിനു അവരുടെ കീഴിലുള്ള അദ്ധ്യാപകന്മാരെ സ്ഥലംമാററുവാനുള്ള അധികാരമുണ്ടെന്നു് വിദ്യാ: മന്ത്രി പ്രസ്താവിച്ചു.

പ്രവർത്തകസമിതികൂടുന്നു

കോട്ടയം സംഭവത്തെപ്പററി ആലോചിക്കാൻ

(സ്വന്തം ലേഖകൻ)

തിരുവനന്തപുരം, കുംഭം 11

കാൺഗ്രസ്സ് പ്രവർത്തകസമിതിയുടെ ഒരു യോഗം നാളെ വൈകുന്നേരം 5 മണിക്കു് കാൺഗ്രസ്സാഫീസിൽവച്ചു കൂടുന്നതും കോട്ടയം നഗരസഭയിലുള്ള സംഭവവികാസങ്ങളെപ്പററി ചർച്ചചെയ്യുന്നതുമാണു്. ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നതിനുള്ള സാദ്ധ്യതകളുള്ളതായിട്ടാണു് ഇവിടത്തെ പ്രബലമായ സംസാരം.

പരസ്യം

നോട്ടീസ്

കോട്ടയം ജില്ലാക്കോർട്ടിൽ
123-ൽ അപ്പീൽ നമ്പർ 339.

അപ്പീൽ വാദി.— പുളിപ്പള്ളിപകുതി ഇരവിനല്ലൂർകരയിൽ കോളാശ്ശേരിഇല്ലത്തു ജാതവേദൻ നീലകണ്ഠൻനമ്പൂതിരി.

അപ്പീൽ പ്രതികൾ:—3. വിജയപുരംപകുതി മുട്ടമ്പലംകരയിൽ തേരേട്ടുവീട്ടിൽ പാർവ്വതിഅമ്മ ലക്ഷ്മിക്കുട്ടിഅമ്മ.

നാലാം പ്രതി:—ടിയിൽ രാമൻപിള്ള രാമകൃഷ്ണപിള്ള.

അഞ്ചാം പ്രതി:—പാമ്പാടി പകുതിയിൽ വെള്ളൂർകരയിൽ വട്ടകണ്ടത്തിൽ എന്നുവിളിച്ചുവരുന്ന കിഴക്കേക്കര പുരയിടത്തിൽ താമസം രാമൻപിള്ള കരുണാകരൻനായർ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്:—

ടി നമ്പരിൽ മൂന്നും നാലും അഞ്ചും പ്രതികൾക്കയച്ച നോട്ടീസുകൾ മടങ്ങിവന്നിരിക്കുന്നതും വീണ്ടും 124-ാമാണ്ടു കുംഭമാസം 22-ാംതീയതി വിചാരണ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ ടി അപ്പീൽ സംഗതിയെപ്പററി പ്രതികൾക്കു വല്ലതർക്കവും ഉള്ളപക്ഷം വിചാരണദിവസം പകൽ 11 മണിക്കു് ടി പ്രതികളോ അധികാരപ്പെടുത്തപ്പെട്ട അഡ്വൊക്കേററോ ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം ടി പ്രതികളെ കൂടാതെ അപ്പീൽ തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം,
ശിരസ്തദാർ (ഒപ്പ്)
124 കുംഭമാസം 10-ാംനു.

കുംഭമാസത്തിൽ യൂണിററിനു അരക്കുപ്പി മണ്ണെണ്ണ

കോട്ടയം താലൂക്കിൽ മുനിസിപ്പൽഅതിർത്തിക്കു വെളിയിൽ മണ്ണെണ്ണക്കാർഡു പതിപ്പിച്ചിട്ടുള്ളവർക്കു് 124 കുംഭമാസത്തിൽ യൂണിററിനു അരക്കുപ്പി മണ്ണെണ്ണവീതം കൊടുക്കുന്നതിനു് ഏർപ്പാടുചെയ്തിട്ടുണ്ടെന്നു പരസ്യപ്പെടുത്തിയിരിക്കുന്നു:

എ.റ്റി. സി. സി. യോഗം

തിരുവനന്തപുരം, കുംഭം 11

ഈ മാസം 22-ാം തീയതി പന്മനവച്ചു കൂടുന്ന രണ്ടാമത്തെ അഖിലതിരുവിതാംകൂർ കാൺഗ്രസ്സ് കമ്മററിയുടെ അജണ്ട ചുവടെ ചേർക്കും വിധമായിരിക്കും

സംഘടനാകാര്യം, കെ. പി. സി. സി - യിലെ ഒഴിവിലുള്ള സ്ഥാനങ്ങളിലേക്കു് തെരഞ്ഞെടുപ്പു്, ക്രഡൻഷ്യൽ കമ്മററിയിലേക്കും ഇലക്ഷൻ ട്രിബൂണലിലേക്കുമുള്ള തെരഞ്ഞെടുപ്പു്, മററു കാര്യങ്ങൾ എന്നിവയായിരിക്കും.

തിരുവിതാംകൂർ മദ്രാസിൽ ലയിക്കണം

(സ്വ—ലേ) തിരു. കുംഭം 11

കുംഭം 9-ാംനു ശ്രീ. ഏ. അച്യുതൻെറ അദ്ധ്യക്ഷതയിൽ കൂടിയ തിരുവനന്തപുരം റവന്യൂ ഡിവിഷനിലെ താലൂക്കു കോൺഗ്രസ്സ് കമ്മിററികളുടെയും മററു കോൺഗ്രസ്സ് പ്രവർത്തകരുടെയും സമ്മേളനത്തിൽ താഴെകാണുന്ന പ്രമേയം അംഗീകരിക്കുകയും പ്രമേയം നടപ്പിൽ വരുത്തുന്നതിലേക്കു് ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള കൺവീനറായി 21- പേരടങ്ങിയ ഒരു കമ്മിററിയെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു

പ്രമേയം

ഇൻഡ്യൻ യൂണിയനിൽ നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ചു വരുന്നതിനേയും തിരുവിതാംകൂറിനു് ഒരു ഭരണഘടന എഴുതിയുണ്ടാക്കുന്നതിനെ സംബന്ധിച്ചുള്ള ഒരുലക്ഷ്യപ്രഖ്യാപന പ്രമേയം ഡ്രാഫ്ററിംഗ് കമ്മിററിയിൽ നിന്നു് അവതരിപ്പിച്ചപ്പോൾ അതിനോടു് ജനപ്രതിനിധിസഭ കൈക്കൊണ്ട നടപടിയിൽ പ്രകടമായിരിക്കുന്നതുപോലെ തിരുവിതാംകൂറിനു് ഇൻഡ്യാ യൂണിയനിൽ ഒരു സ്വതന്ത്രഘടകമായി നിൽക്കാൻ സാധ്യമല്ലെന്നു വരത്തക്കവണ്ണം, പൊതുജനാഭിപ്രായഭിന്നതകൾ വർദ്ധിക്കുന്നതിനേയും ഇൻഡ്യയിലും തിരുവിതാംകൂറിലും മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സ്ഥിതിഗതികളെയും പൊതുജനക്ഷേമത്തെയും പരിഗണിച്ചു് തിരുവിതാംകൂർ ഒരു പ്രത്യേക നാട്ടുരാജ്യമായി തുടരാതെ മദ്രാസ് പ്രവിശ്യയിൽ ലയിക്കണമെന്നു് ഈ യോഗം അഭിപ്രായപ്പെടുകയും ഈ പ്രമേയത്തെ നടപ്പിൽ വരുത്തുന്നതിനും അതിനനുകൂലമായി പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും വേണ്ടി ഒരു രാഷ്ട്രീയ കൺവെൻഷൻ വിളിച്ചുകൂട്ടണമെന്നു് നിശ്ചയിക്കുകയും ചെയ്യുന്നു.

പരസ്യം

ആലപ്പുഴ പ്രി-മു-ൻകോർട്ടിൽ
124—ൽ സിവിൽ 105

വാദി:— ആലപ്പുഴ സനാതനധർമ്മ വിദ്യാശാലക്കുവേണ്ടി ടി വിദ്യാശാലാ ബോർഡു് ഓഫ് ട്രസ്റ്റീസ്സ് പ്രസിഡൻറു് ആലപ്പുഴ പകുതി ടി മുറിയിൽ രാമമന്ദിരത്തിൽ വെങ്കിട്ടരാമനായിഡു സുന്ദരരാജനായിഡു.

പ്രതികൾ:— ആര്യാട്ടുതെക്കു പകുതി തെക്കനാര്യാട്ടുമുറിയിൽ പറമ്പിപ്പറമ്പിൽ മരിച്ച മാത്തൻ തോമസ്സിൻെറ ഭാര്യ ടി യിൽനിന്നും ചങ്ങനാശ്ശേരി കുറിച്ചി പകുതിയിൽ ഇത്തിത്താനം മുറിയിൽ മുള്ളുകുഴിവീട്ടിൽ തോമസ്സ് അന്നമ്മ. 2 ടി യിൽ മൈനർ തോമസ്സ് ഏലി. 3 ടി യിൽ മൈനർ തോമസ്സ് മറിയം.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽ നമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിനു് ഉത്തരം പറവാനായി 124-ാമാണ്ടു് കുംഭമാസം 27-ാംനു അവധി വെച്ചിരിക്കുന്നതിനാൽ അന്നദിവസംപകൽ 11 മണിക്കു് പ്രതികൾ നേരിട്ടോ വക്കീൽമുഖാന്തിരമോ ഈ കോടതിയിൽ ഹാജരാകാത്തപക്ഷം ടി പ്രതികളെ കൂടാതെ ടി കേസ്സു് തീർച്ച ചെയ്യുന്നതാണു്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
6-7-124.

രാജാജിയുടെ ചിത്രം

പട്ടേൽ അനാഛാദനം ചെയ്യും,

മദ്രാസ്, ഫെ: 22

ഇന്നു വൈകുന്നേരം രാജാജി ഹാളിൽ ഗവർണർ ജനറൽ ശ്രീ: രാജഗോപാലചാരിയുടെ ഒരു പൂർണ്ണകായ ചിത്രം സർദാർ പട്ടേൽ അനാഛാദനം ചെയ്തിരിക്കുന്നു. ഗവർണ്ണർ ജനറൽ ഒരു മഹാനായ രാജ്യതന്ത്രജ്ഞനും ഒരു മഹാരാജ്യത്തിലെ അംഗീകൃതനേതാവുമാണെന്നു് സർദാർപട്ടേൽ പ്രസ്താവിച്ചു.ഒരു വ്യവസ്ഥാപിത ഗവർണ്ണർ ജനറൽ എന്ന നിലയിൽ വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽ നിന്നു പ്രവർത്തിക്കുന്നതിനും അവലംബിക്കുന്നതിനും അദ്ദേഹത്തിനറിയാം.

വൈകുന്നേരം മദ്രാസ് പ്രധാനമന്ത്രി മി. ഓമന്തൂർ രാമസ്വാമി റെഡ്യാരുടെ ഒരു സൽക്കാരത്തിൽ സർദാർപട്ടേൽ പങ്കുകൊണ്ടു. (ഏ-പി)

ലോറിഡ്രൈവർ രാജപദത്തിലേക്കു്

28 വയസ്സു പ്രായമുള്ള അർദ്ധനീഗ്രോവും അർദ്ധജർമ്മനുമായ അർതർ സാമനു തനിക്കു് ഒരു രാജാവാകുന്നതിനുവേണ്ടി ലോറി ഓടിക്കുന്ന തൊഴിലിൽ നിന്നു് തന്നെ വിമുക്തനാക്കാൻ ജർമ്മനിയിലുള്ള വൈസ്ബേഡൻ ലേബർ എക്സ്ചേഞ്ചിനോടാവശ്യപ്പെട്ടിരിക്കുന്നു. അയാളുടെമുത്തശ്ശി ആഫ്രിക്കയിലെ ടോംഗോലാണ്ടിലെ ഒരു വർഗ്ഗക്കാരുടെ രാജ്ഞിയാണു്. പ്രായക്കൂടുതൽനിമിത്തം 1,000;000 വരുന്ന തൻെറ പ്രജകളെ പാലിക്കാൻ താൻ അശക്തയാണെന്നും പൗത്രൻ ആ സ്ഥാനം വഹിക്കണമെന്നും രാജ്ഞി ആഗ്രഹിക്കുന്നു. രാജ്ഞിയുടെ അനന്തരാവകാശി നമ്മുടെ അർതൻ സാമനുവാണു്:

നിലവാരം

(സ്വന്തം ലേഖകൻ)

ആലപ്പുഴ കുംഭം 11

എണ്ണ കൊച്ചി	560	0	0
പിണ്ണാക്കു ടി	92	8	0
എണ്ണ ആലപ്പുഴ	552	8	0
പിണ്ണാക്കു ടി	87	8	0
കൊ: പുകരാശി	370	0	0
ടി തെളിവു്	372	8	0
കുരുമുളകു പാലം	1140-1160		
ചുക്കു്	460	0	0
മഞ്ഞൾ	300	0	0
തങ്കം	115	4	0
പവൻ	77	4	0
സ്വർണ്ണം	74	8	0
വെള്ളി	187	0	0
ചില്ലറ	1	14	0

Printed and Published
by C. M. Sankara Pillai
at the Swaraj Printing
Works, Kottayam.